# ആത്മപോഷിണി

പുസ്തകം ൧. | ൧൦൮൨ ധനു | ലക്കം ൪.

## മംഗളം

സുവിനീതജനൈകവേദ്യമാ-
യ, വിഭാവ്യാത്മസുഖാഗ്രഭൂമിയായ്
അവിനാശിമഹത്ത്വമാർന്നെഴും
കവിസൂക്തത്തിനു കൈവണങ്ങുവിൻ!

—ആത്മപോഷിണി.

## വിദ്യാപതി.

ജയദേവനെപ്പോലെ കൃഷ്ണഭക്തന്മാരിൽ പ്രമാണിയെന്നു പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു മഹാ കവിയാണ് വിദ്യാപതി താക്കൂർ. ഹിന്ദുസ്ഥാനത്തിലെ ദേശ്യഭാഷകളിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള കവികളിൽ പ്രഥമനെന്നു സർവ്വഥാ ഗണിക്കപ്പെട്ടുവരുന്ന ഇദ്ദേഹത്തിന്റെ കൃതികളെ പരിശോധിക്കുന്നതുകൊണ്ടു നമ്മുടെ ഭാഷക്കും ചില ഗുണങ്ങൾ ഉണ്ടാവാൻ ഇടയുണ്ട്.

വിദ്യാപതിതാക്കൂർ ശിവസിംഹരൂപനാരായണരാജാവിന്റെ സന്നിധിയിൽ 1400-ാം (ക്രിസ്ത്വബ്ദം) ആണ്ടോടടുത്തു ജീവിച്ചിരുന്നു. പണ്ഡിതശിരോമണിയായിരുന്ന ആ രാജാവിന്റെ സദസ്സിലെ കവികളിൽ ഒരാളായിരുന്നു താനെന്നു വിദ്യാപതിയുടെ ഗാനങ്ങളിൽനിന്നുതന്നെ തെളിയുന്നുണ്ട്. കോഴിക്കോട്ടു സാമൂതിരിപ്പാട്ടിലെ "പട്ടം പണക്കിഴിയും" വാങ്ങാൻ കൂടാറുണ്ടായിരുന്ന വിദ്വാന്മാരെപ്പോലെ, രാജസേവയും സരസ്വതീസേവയും ഒരുമിച്ചു നടത്താമെന്നു വിചാരിച്ചു കൂടിയിരുന്ന ഒരാളായിരുന്നു അദ്ദേഹം.

വിദ്യാപതി സംസ്കൃതത്തിൽ ധാരാളം കവനം ചെയ്തിട്ടുണ്ട്. 'പുരുഷപരീക്ഷ' മുതലായ അദ്ദേഹത്തിന്റെ കൃതികൾ സംസ്കൃതത്തിൽ തന്നെയും ഒരു നല്ല സ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു പറഞ്ഞാൽ, ആ ഭാഷയിൽ അദ്ദേഹത്തിന് എത്രമാത്രം പാണ്ഡിത്യമുണ്ടായിരുന്നു എന്ന്

ഊഹിക്കാമല്ലോ. എന്നാൽ ഇപ്പോൾ അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള ലോകപ്രസിദ്ധി അദ്ദേഹത്തിന്റെ സംസ്കൃതകൃതികളിൽ നിന്നല്ല. അദ്ദേഹത്തിന്റെ 'പുരുഷപരീക്ഷ' വായിച്ചിട്ടുള്ള പണ്ഡിതന്മാർ വളരെ ചുരുക്കം. എന്നാൽ അദ്ദേഹത്തിന്റെ 'പദാവലികൾ' പാടി ആനന്ദിക്കുന്നവരെ ലക്ഷംകൊണ്ടല്ല, കോടികൊണ്ടാണ് കണക്കാക്കുന്നത്.

വിദ്യാപതിയുടെ അനശ്വരമായ കീർത്തിക്കു കാരണമായ 'പദാവലികൾ' ഹിന്ദി എന്നു നാം പറഞ്ഞുവരാറുള്ള "ആര്യഭാഷ"യിൽ ആണ് എഴുതിയിട്ടുള്ളത്. വിദ്യാപതിയുടെ കാലത്തിനു മുമ്പ് ആ ഭാഷയിൽ വളരെപ്പേർ കവനം ചെയ്യാറുണ്ടായിരുന്നില്ല. ശിവസിംഹന്റെ സദസ്സിലെ പണ്ഡിതന്മാർ ആ ഭാഷയെ നിന്ദിച്ചുവന്നു എന്നു വിചാരിക്കുന്നതിനും ലക്ഷണങ്ങൾ ഉണ്ട്. കോഴിക്കോട്ടു സദസ്സിലെ കാര്യം മലയാളികൾ മറന്നുപോകയില്ലല്ലോ. കവിസാർവ്വഭൗമനായ പുനത്തെ അരക്കവി എന്നാക്ഷേപിച്ചവരുടെ ജ്യേഷ്ഠന്മാരായിരിക്കണം, ശിവസിംഹന്റെ സദസ്സിൽ ഉണ്ടായിരുന്നവർ! പക്ഷെ ചെറുശ്ശേരിയും വിദ്യാപതിയും ഗ്രന്ഥമാത്രപണ്ഡിതന്മാരായിരുന്ന സദസ്യരുടെ അഭിപ്രായത്തെ വകവെയ്ക്കാതിരുന്നതുകൊണ്ടു കവിതാലോകത്തിന് എത്ര ക്ഷേമമാണ് ഉണ്ടായിട്ടുള്ളത്!

വിദ്യാപതിയുടെ ഗാനങ്ങൾ രാസക്രീഡയെ സംബന്ധിച്ചാണ്. ശ്രീകൃഷ്ണന്റെ ജനനസ്ഥാനവും വൈഷ്ണവമതക്കാരുടെ പ്രധാനപുണ്യസ്ഥലവും ആയ വൃന്ദാവനത്തിൽ, ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുകൂടുന്ന ഭക്തന്മാർ രാധാകൃഷ്ണന്മാരുടെ ലീലയെ സ്തുതിച്ചു രാത്രിതോറും നൃത്തം ചെയ്യാറുണ്ടെന്ന് അറിയാത്തവർ ചുരുക്കമായിരിക്കും. ആ ദിവ്യപ്രദേശങ്ങളിൽ കൂടുന്ന ഭക്തന്മാർക്കു പാടുന്നതിനായിട്ടാണ്, വിദ്യാപതി തന്റെ 'പദാവലികൾ' എഴുതിയിട്ടുള്ളത്. ആര്യഭാഷയിൽ വിദ്യാപതിക്കു മുമ്പും ഇപ്രകാരം ഒട്ടുവളരെ പാട്ടുകൾ നടപ്പുണ്ടായിരുന്നു; എന്നാൽ അവയ്ക്കു ജയദേവരുടെ 'അഷ്ടപദി'കളോടോ, വിദ്യാപതിയുടെ 'പദ'ങ്ങളോടോ ഉപമിക്കത്തക്കഗ്ഗുണം ഉണ്ടായിരുന്നില്ല.

രാധാകൃഷ്ണന്മാർ വെറും സ്ത്രീപുരുഷന്മാരല്ലെന്നുള്ളതു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ശ്രീകൃഷ്ണൻ പരബ്രഹ്മമൂർത്തി തന്നെയെന്നും, അദ്ദേഹത്തിൽ ബ്രഹ്മാണ്ഡങ്ങൾ ലയിച്ചിരിക്കുന്നുവെന്നും, അദ്ദേഹത്തിന്റെ ലീല സൃഷ്ടിസ്ഥിതിസംഹാരങ്ങളാണെന്നുമത്രേ വൈഷ്ണവമതം. അതുകൊണ്ടു രാസക്രീഡയെ, വെറും മനുഷ്യമര്യാദയനുസരിച്ചു സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശൃംഗാരലീലയായി ഗണിക്കുന്നതു മഹാപാപമാകുന്നു.

രാസക്രീഡയ്ക്ക് ആന്തരമായ ഒരർത്ഥമുണ്ടെന്നു പണ്ഡിതന്മാർ സമർത്ഥിച്ചിട്ടുണ്ട്. അതിനെപ്പറ്റി നല്ലവണ്ണം അറിയേണമെന്നു വിചാരിക്കുന്നവർ പൂർണ്ണേന്ദുനാരായണസിംഹൻ എന്ന വിദ്വാൻ എഴുതിയിട്ടുള്ളതും കാശിയിൽനിന്ന് 1911-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആയ ഭാഗവതവ്യാഖ്യാനം വായിച്ചുകൊള്ളട്ടെ. ചുരുക്കമായി ഇത്രമാത്രം പറയാം; വൃന്ദാവനം മനുഷ്യഹൃദയം തന്നെ. രാധ ജീ

വാത്മാവും കൃഷ്ണൻ പരമാത്മാവും ആണ്. അതുകൊണ്ടു രാധാകൃഷ്ണന്മാരുടെ ലീലകൾ മദ്ധ്യസ്ഥയായ മഹാമായയെ ത്യജിച്ചു ജീവാത്മാവു പരമാത്മാവിനെ പ്രാപിക്കുന്നതിനു ചെയ്യുന്ന ശ്രമമാണെന്നു മനസ്സിലാക്കണം.

വിദ്യാപതിയുടെ 'പദാവലികൾ' ഈ അർത്ഥത്തിലാണ് വായിക്കേണ്ടത്. ജയദേവരുടെ 'ഗീതഗോവിന്ദ'വും ഇതു പോലെയുള്ള ഒരു വിശിഷ്ട കൃതിയാണ്. മലയാളത്തിലും ഇപ്രകാരമുള്ള കൃഷ്ണസ്തവങ്ങൾ ധാരാളമായി കാണാറുണ്ട്. 'പദ'ങ്ങളും നാടകപ്പാട്ടുകളും വരുന്നതിനു മുമ്പിൽ മലയാളിസ്ത്രീകൾ തിരുവാതിരക്കളിക്കും മറ്റും ഉപയോഗിച്ചു വന്നിരുന്ന പാട്ടുകളിൽ പലതിലും അതി മനോഹരമായ കവിതാഗുണവും ആശയഭംഗിയും ഉണ്ടെന്നു പറയുമ്പോൾ, എന്റെ പാമരബുദ്ധിയെ വിചാരിച്ചു പലരും പരിഹസിച്ചു പോയെന്നു വന്നേക്കാം. അങ്ങിനെയുള്ളവർ,

“ഓമനക്കുട്ടൻ ഗോവിന്ദൻ — ബല
രാമനെക്കൂടെക്കൂടാതെ”

എന്നും മറ്റുമുള്ള പാട്ടുകൾ ഒന്നു വായിച്ചു നോക്കാൻ അപേക്ഷിക്കുന്നു.

വിദ്യാപതിയുടെ 'പദാവലി'കളിൽ കാണുന്ന കഥയുടെ ചുരുക്കം താഴെ കാണുന്ന പ്രകാരമാണ്: ഒരു ദിവസം സന്ധ്യാസമയം കൃഷ്ണൻ ഓടക്കുഴലൂതി കാളിന്ദീവക്കത്തു നടക്കുമ്പോൾ, ആററിൽ കുളിച്ചിരുന്ന രാധയെ കാണുകയും, അവർക്ക് അന്യോന്യാനുരാഗം ഉത്ഭവിക്കയും ചെയ്യുന്നു. പിന്നെ പലപ്രാവശ്യം ക്ഷേത്രത്തിൽനിന്നു മടങ്ങുന്ന വഴിക്കും മററുമായി അവർ തമ്മിൽ കാണുന്നതിനിടയാകയും അവർക്കുണ്ടായ അനുരാഗം മൂത്തു തഴയ്ക്കുകയും ചെയ്യുന്നു. സഖിയായ ദൂതി പലവിധമുപായങ്ങൾ പറഞ്ഞു രാധയുടെ ഭയം നീക്കി ശ്രീകൃഷ്ണസമീപത്തിൽ നയിക്കുന്നു. പ്രഥമമേളനത്തിനു ശേഷം, മററു ലൌകികബന്ധങ്ങൾ നിമിത്തം രാധയ്ക്കു കൃഷ്ണസമീപത്തിൽ ചെല്ലുന്നതിനു ഭയമുണ്ടാകുന്നു. എന്നാൽ കൃഷ്ണനോടുള്ള സ്നേഹം ഭയാബന്ധങ്ങളെ കവിഞ്ഞതാകകൊണ്ട് അവൾ മററാരുമറിയാതെ രാത്രിയിൽ അഭിസരിക്കുന്നു. അപ്രകാരം സ്നേഹസ്ഥിതിയിൽ ഇരിക്കുമ്പോളാണ് കൃഷ്ണനു മധുരയ്ക്കു പോകേണ്ട ആവശ്യം നേരിടുന്നത്. അതിൽനിന്നുണ്ടാകുന്ന വിരഹക്ലേശത്തിനു ശേഷം, രാധയ്ക്കു കൃഷ്ണനോടു സമ്പൂർണ്ണസംയോഗം ലഭിക്കുന്നു.

ഇതാണ് കഥാവസ്തു. ഇതിൽ ശൃംഗാരത്തിനും ഭക്തിക്കും എത്രമാത്രം ഇടയുണ്ടെന്നു സഹൃദയന്മാരോട് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. രാധയെ കാണുന്ന അവസരത്തിൽ കൃഷ്ണൻ,

“ലാവണ്യക്കടലിൽ കളങ്കമിയലാതുണ്ടായ പാർതിങ്കളോ?” എന്നു ചോദ്യം തുടങ്ങുന്നു. രാധാവർണ്ണന സംസ്കൃത കവികളുടെ രീതിയിൽ തന്നെ.

“നാഭിയിങ്കലണിരോമരാജി, നി
ശ്വാസവാതമര കലരുന്ന നാഗമാം;
നാസികാഗരുഡഭീതിയാലൊളി-
ച്ചു വസിപ്പു കുചപർവ്വതങ്ങളിൽ.”

വിദ്യാപതിയുടെ കവിതാരീതി കാണിക്കുന്നതിന് ഒരു ഗാനം മുഴുവൻ താഴെ ചേർത്തിരിക്കുന്നു. ശ്രദ്ധിച്ചു വായിക്കണമ

ക്ഷം അതു മലയാളികൾക്കു ബുദ്ധിമുട്ടുകൂടാതെ മനസ്സിലാകുന്നതാണ്.

രാധാ:—

*കതിഹണ മദന! തനു ദഹസി§ഹമാരി
‡ഹാമ ¶നഹ ശങ്കര ഹയോ വരനാരി
നഹ ജടാ ഇഹ വേണി വിഭംഗാ
മാലതിമാലാ ശിരേ നഹ ഗംഗാ.

‖മോടിമ ബദ്ധമൌലി നഹ ഇന്ദു
ഫാലേ നയന നഹ സിന്ദൂരബിന്ദു
കണ്ഠേ ഗരള നഹ മൃഗമദസാര
നഹ ഫണിരാജ ഉരേ മണിഹാര.

നീലപടാംബര നഹ °വാഘഛാല!
കേളികമല നഹ ഇ കപാല
/വിദ്യാപതി കഹ! "ഇഹേന സുഛദ
അങ്കേ ഭസ്മ നഹ മലയജപങ്ക."

ഈ ഗാനം ആർക്കാണ് കുഞ്ചൻനമ്പ്യാരുടെ നളചരിതം തുള്ളൽപ്പാട്ടിലെ മനോഹരമായ ശിവസ്തുതിയെ ഓർമ്മയിൽ വരുത്താത്തത്? പക്ഷെ ഈ കാവ്യത്തിൽ നമ്പ്യാരെക്കാൾ വിദ്യാപതിക്കു മഹത്വം കൂടുമെന്നുള്ളത്, ഒടുവിലത്തെ രണ്ടു വരികൾ വായിക്കുമ്പോൾ തെളിയുന്നു. താൻ ശങ്കരനല്ല, ഒരു ഗോപി മാത്രമാണ് എന്നു പറയുന്നതിനു രാധ വളരെ ബദ്ധപ്പെടുന്നു. എന്നാൽ വിദ്യാപതിയാണ് അതിനു പ്രധാനമായ തെളിവു കാണിക്കുന്നത്. "അങ്കേ ഭസ്മ നഹ മലയജ പങ്ക" എന്നു പറയുന്നതിൽ എന്തെല്ലാമാണ് ധ്വനിക്കുന്നത്!

വിദ്യാപതിയുടെ ഗാനങ്ങളെല്ലാം [illegible] പാടുന്നതായിട്ടാണ് എഴുതിയിട്ടുള്ളത്. എന്നാൽ എല്ലാററിന്റെയും അവസാനത്തിൽ വിദ്യാപതിയുടെ വാക്കായി രണ്ടു വരികൾ കാണും. അവയിലാണ് കവിയുടെ മാഹാത്മ്യം അത്യധികം വെളിപ്പെടുന്നത്. ഉദാഹരണം കൊടുക്കാം.

രാധ, സഖിയോടായിട്ട്:—

(ചെഞ്ചുരുട്ടി രീതി)

"എന്നെയെത്തക്കാര്യങ്ങൾ ചൊല്ലുന്നതെന്തു ഞാൻ!
കണ്ണന്റെ ധൃഷ്ക്കൃതി ചൊല്ലാവല്ല.
നീരിൽനിന്നെൻതോഴി! മുങ്ങിക്കുളിച്ചു ഞാൻ
നേരിയ് മുണ്ടുമായ്ക്കേറിട്ടമ്പോൾ
നാണമില്ലാത്തൊരു ഗോപാലബാലനെ-
ക്കാണാറായ് മുന്നിൽ ഞാനെന്തുചെയ്വൂ!!

ഈറനാം വസ്ത്രത്തിലൂടേ, നിതംബത്തെ—
ക്കാറൊളിവർണ്ണൻ കണ്ടീടായ്വാനായ്
വേഗത്തിൽ ഞാൻ കചഭാരത്തെപ്പിന്നോട്ടായ്
ഭാഗിച്ചു മൂടിക്കളഞ്ഞു ബാലേ!
കണ്ണിണകൊണ്ടുടനെന്മാറിൽ മാധവൻ
തിണ്ണം നുകർന്നുതുടങ്ങി ധൃഷ്ടൻ;
പിന്നു തിരിഞ്ഞു ഞാൻ താഴത്തിരുന്നിട്ടും
വമ്പനാം ഗോപാലൻ നോക്കിനിന്നു."

(വിദ്യാപതി)

"നീയൊരു മുഗ്ദ്ധയാം ബാലികതന്നെ, യ-
ന്നീരിമേലൊന്നുടൻ ചാടിയില്ല?"

ഇപ്രകാരം അദ്ദേഹം ഒടുവിലത്തെ വരികളിൽ കാണിക്കുന്ന സാരസ്യമൊന്നു വേറെ തന്നെയാണ്.

ആകെപ്പാടെ നോക്കുന്നതായാൽ വിദ്യാപതിയുടെ "പദാവലി"കൾ അതിമനോഹരമായ ശൃംഗാരകവിതയാണ്. ച

---

* കതിഹണ=എന്തിനായിട്ട്. § ഹമാരി=എന്റെ. ‡ ഹാമ=ഞാൻ. ¶ നഹ=അല്ല. ‖ മോടിമ=മൌക്തിക. ° വാഘ=വ്യാഘ്ര. / വിദ്യാപതി കഹ=വിദ്യാപതി പറയുന്നു.

ണ്ഡിദാസർ, ഗോവിന്ദദാസർ, രവിന്ദ്രനാഥൻ മുതലായ മഹാകവികൾ ഇദ്ദേഹത്തിന്ന് എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും, ഈ പദാവലികൾ ഹിന്ദിഭാഷയുടേയും ബംഗാളിഭാഷയുടേയും ആരംഭമായി എങ്ങിനെ തീൎന്നു എന്നും ഇവിടെ ആലോചിക്കേണ്ടതില്ല. ഈ രണ്ടു ഭാഷകളിലും ഉള്ള കവികളിൽ പഴക്കംകൊണ്ടും തഴക്കംകൊണ്ടും വിദ്യാപതിക്കാണ് മാഹാത്മ്യം. ആൎയ്യഭാഷയിൽ തുളസിദാസരും, ബംഗാളിയിൽ രവീന്ദ്രനാഥനും, വിദ്യാപതിയെക്കാൾ ചില കാൎയ്യങ്ങളിൽ വലുപ്പമേറിയ കവികളാണെന്നു പറയണം. പക്ഷെ, ശൃംഗാരകവിതയിൽ ജയദേവർ കഴിഞ്ഞാൽ മീതെ വിദ്യാപതിതന്നെയെന്ന്, എല്ലാവരും സശിരഃകമ്പം സമ്മതിക്കുന്നതാണ്.

ഓക്സ്ഫോർഡ്.

ഒരു കാൎയ്യംകൂടെ പറയേണ്ടതുണ്ട്: വിദ്യാപതിയുടെ ഭാഷാകവിതകൾ എല്ലാം സ്വതന്ത്രവൃത്തങ്ങളിലാണ് എഴുതിയിട്ടുള്ളത്. സംസ്കൃതത്തിൽ കവനംചെയ്തു പരിചയമില്ലായ്കകൊണ്ടല്ല, അദ്ദേഹം സ്വതന്ത്രവൃത്തങ്ങളെ സ്വീകരിച്ചത്. സംസ്കൃതഭാഷയിൽ പല പ്രൌഢകൃതികൾ വിദ്യാപതിഎഴുതിയിട്ടുണ്ടെന്നു നാം മുമ്പുതന്നെ അറിഞ്ഞിട്ടുണ്ടല്ലോ. അവയിൽ അദ്ദേഹത്തിന്റെ കവിതയ്ക്കു 'പദാവലി'കളിൽ എന്നപോലെ ഗുണം കാണുന്നില്ല. അവനവനു ചേരുന്ന വൃത്തത്തിൽ എഴുതിയെങ്കിൽ മാത്രമേ ഉത്തമകവിത ഉണ്ടാകയുള്ളു എന്നതിലേയ്ക്കു ഇതും ഒരു നിദൎശനമല്ലയോ?

— ചാലയിൽ മാധവപ്പണിക്കർ.

## സഹിഷ്ണുത.

## II

ബ്രാഹ്മണർ ഇരുവരും എല്ലാവരുടേയുംപിന്നാലെ നടന്നു വീതികുറഞ്ഞ ഒരു കോണിപ്പടിയിൽ കൂടി കുറെ ദൂരം ഇറങ്ങി. വഴി കൂരിരുട്ടുകൊണ്ടു നിറഞ്ഞിരുന്നു. കുറച്ചു ദൂരം കൂടി ചെന്നപ്പോൾ ഒരു വിളക്കിന്റെ വെളിച്ചം കാണാറായി. പിന്നെ നടുമുററം പോലെയുള്ള ഒരു സ്ഥലത്തു ചെന്നപ്പോൾ മുള്ളൻപന്നിയുടെ മീതെ സ്ഥിതിചെയ്യുന്നതും കല്ലുകൊണ്ടുണ്ടാക്കപ്പെട്ടതുമായ കാളിയുടെ വിഗ്രഹത്തിന്റെ മുമ്പിൽ ഒരു ബ്രാഹ്മണൻ കയ്യിൽ വിളക്കും പിടിച്ചുകൊണ്ടു നില്ക്കുന്നത് അവർ കണ്ടു. "ഇതു ശിവാജിമഹാരാജാവിനാൽ പ്രതിഷ്ഠിക്കപ്പെട്ട കരാളീമഹാദേവിയാണ്" എന്നു ബ്രാഹ്മണൻ അവരോടു പറഞ്ഞു. ചെറുപ്പക്കാരനായ ബ്രാഹ്മണൻ ചോദിച്ചു:— "ഞങ്ങളുടെ മുമ്പിൽ പോയവരെല്ലാം എവിടെയ്ക്കാണ് പോയത്?" വിളക്കു പിടിച്ചിരുന്നവൻ ഉത്തരം പറഞ്ഞു:— "അവർ പരശുരാമനാൽ സേവിക്കപ്പെട്ട സ്വയംഭൂ

വരായ സഞ്ജീവനീദേവിയെ ദർശിക്കാൻ പോയിരിയ്ക്കയാണ്. നിങ്ങളും അവിടേക്കു പോയാലും." ഇങ്ങിനെ പറഞ്ഞു വിളക്കു പിടിച്ചവൻ ക്ഷേത്രമതിലിലുള്ള ഒരു വാതിൽ തുറന്നുകൊടുത്തു. അവിടെ കാണപ്പെട്ട കോണിപ്പടിയിൽ കൂടി ബ്രാഹ്മണർ ഇറങ്ങിപ്പോയി.

കൂരിരുട്ടിൽ കൂടി ഏകദേശം മുപ്പത് അടി പോയതിന്റെ ശേഷം അനേകം ദീപെട്ടികളിൽ നിന്നുള്ള വെളിച്ചം തിളങ്ങിക്കൊണ്ടിരിയ്ക്കുന്നതും മുൻഭാഗത്തു വിശാലമായ മുററത്തു മഹാരാഷ്ട്രന്മാരെല്ലാവരും കൂട്ടം കൂട്ടമായി നില്ക്കുന്നതും അവൎക്കു പെട്ടെന്നു കാണാറായി. പിന്നെ സൂക്ഷിച്ചു നോക്കിയപ്പോൾ മുററത്തിന്റെ നടുവിൽ ഒരു ഉയൎന്ന തിണ്ണയും തിണ്ണയുടെ നടുവിൽ ദേവിയുടെ മൂൎത്തിയും അതിന്നടുത്ത് ആ മഹാരാഷ്ട്രവക്താവു നില്ക്കുന്നതും അവൎക്കു കാണാറായി.

വക്താവു പറഞ്ഞുകൊണ്ടിരുന്നു. "സഹനശീലം ഒരിക്കലും വിട്ടുകളയില്ലെന്നു നിങ്ങൾ സത്യം ചെയ്താൽ ഉത്തമമായി. ഈ സ്ഥാനം ഉപേക്ഷിച്ചു വേറെ ഏതൊരു സ്ഥലത്തെയ്ക്കു പോവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ഇത്ര പവിത്രമായ തീൎത്ഥത്തെയും ഇത്ര ഉണൎച്ചയോടുകൂടിയ ദേവിയേയും നിങ്ങൾക്കു വേറെ ഏതൊരു ദിക്കിൽ കാണ്മാൻ കഴിയും? നോക്കുവിൻ, ഇതാ! ആമ. അതിന്റെ പുറത്ത് അനന്തൻ. അതിന്റെ പുറത്തു ഭൂമി. അതിന്മീതെ സിംഹവാഹനിയായ സഞ്ജീവനീദേവി സൎവ്വോപരി ശോഭിച്ചുകൊണ്ടിരിക്കുന്നു. പാഷാണമയമായ പൎവ്വതം വെട്ടിപ്പിളൎന്ന് ഈ തീൎത്ഥക്ഷേത്രത്തെ നിൎമ്മിച്ചവരാരോ, അവരുടെ സന്താനങ്ങൾക്ക് ഈ തീൎത്ഥക്ഷേത്രം ഉപേക്ഷിച്ചു പോവാൻ കഴിയുമോ? അവരുടെ പരിശ്രമശീലം അവരുടെ സന്താനങ്ങളെ തീരെ വിട്ടുപോകുമോ?

"നിങ്ങളുടെ പൂൎവ്വന്മാർ നിങ്ങൾക്കു വേണ്ടി ചെയ്ത അശ്രാന്തപരിശ്രമത്തിന്റേയും സഹിഷ്ണുതയുടേയും അടയാളം അവർ വെച്ചു പോയിട്ടുണ്ട്. നിങ്ങളും അതേമാതിരി നിങ്ങളുടെ സന്താനങ്ങൾക്കു വേണ്ടി ദൃഢവ്രതന്മാരായി കാൎയ്യങ്ങൾ ചെയ്യുവിൻ! ജനങ്ങൾ തങ്ങളുടെ സുഖത്തിനെ മാത്രം ഉദ്ദേശിച്ചല്ല സകല കാൎയ്യങ്ങളും ചെയ്യുന്നത്. ഏതൊരുത്തൻ മണ്ണു കിളച്ചു ബുദ്ധിമുട്ടി വൃക്ഷങ്ങൾ നട്ടുണ്ടാക്കുന്നുവോ അവൻ തനിച്ച് ആ വൃക്ഷങ്ങളുടെ ഫലങ്ങൾ അനുഭവിക്കുന്നില്ല. അവന്റെ പുത്രപൌത്രന്മാർ ആ വൃക്ഷങ്ങളുടെ ഫലങ്ങൾ അനുഭവിക്കുന്നു. നിങ്ങളുടെ ഈ സഹിഷ്ണുതയുടെ ഫലവും നിങ്ങളുടെ പിൻഗാമികൾ അനുഭവിക്കുന്നതാണ്.

"മുമ്പു മുമ്പുള്ള യുഗങ്ങളിൽ മനുഷ്യൎക്കു ദീൎഘായുസ്സുണ്ടായിരുന്നു. തപസ്സു ചെയ്തിരുന്നവൎക്കു തന്നെ അതിന്റെ ഫലവും സിദ്ധിച്ചിരുന്നു. കലിയുഗത്തിൽ പുരുഷായുസ്സു കുറഞ്ഞുവശായിരിക്കുന്നു. ഇപ്പോൾ അഞ്ചുപത്താളുകൾ ഒത്തുചേൎന്നു തപസ്സു ചെയ്താൽ മാത്രമേ തപസ്സിദ്ധിയുണ്ടാകയുള്ളു. അവരുടെ പിൻഗാമികൾ ആ തപസ്സിദ്ധിയുടെ ഫലം അനുഭവിക്കുന്നു. ഇതാണ് കലിയുഗത്തിന്റെ പരമമാഹാത്മ്യം. ഇതുകൊണ്ടു തന്നെയാണ് കലിയുഗത്തിന്നു മററുള്ള യുഗങ്ങളെക്കാൾ ശ്രേഷ്ഠതയുണ്ടെന്നു പറയുന്നത്. കലി

യുഗത്തിന്റെ യഥാർത്ഥധർമ്മം നിഷ്കാമധർമ്മമാണ്".

വക്താവ് ഇത്രത്തോളം പറഞ്ഞ് അഞ്ജലികൂപ്പിക്കൊണ്ടു ദേവിയുടെ മുൻഭാഗത്തു ചെന്നു നിന്ന് അവ്യക്തമായ ഗൽഗദസ്വരത്തിൽ ദേവിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:—

"ഭഗവതി! അമ്മേ! ഒരു അധഃപതിതാവസ്ഥയിൽ ആമയുടെ ധർമ്മം തന്നെ ഞങ്ങൾ അവലംബമായിക്കരുതണമെന്നാണ് ഭവതിയുടെ മതം. അതുകൊണ്ടു ഞാൻ കഴിയുംവണ്ണം ആ ഉപദേശം ഇവൎക്കു കൊടുത്തു. എന്നാൽ ഒരു കൂർമ്മപൃഷ്ഠത്തിലുള്ളതും ഭവതിയുടെ കാൽച്ചവിട്ടുകൊണ്ടു കിടക്കുന്നതുമായ സർപ്പരാജാവിന്റെ വീര്യം ഞങ്ങൾക്കുണ്ടാകേണമെന്നും അതിന്റെ തലയിൽ സ്ഥാപിച്ചിട്ടുള്ള ഭൂമിയെ ധർമ്മശാസനപ്രകാരം പരിപാലിക്കുന്ന ഭവതിയുടെ സഞ്ജീവനീമൂർത്തി എന്നെന്നേയ്ക്കും ഞങ്ങളുടെ ഹൃദയത്തിൽ വിളങ്ങിക്കൊണ്ടിരിക്കേണമെന്നുമാണ് ഞങ്ങളുടെ പ്രാർത്ഥന".

വക്താവു ദേവിയെ സാഷ്ടാംഗം നമസ്കരിച്ചു. മഹാരാഷ്ട്രന്മാരെല്ലാവരും ദേവിയെ സാഷ്ടാംഗം നമസ്കരിച്ച് ഒരക്ഷരംപോലും മിണ്ടാതെ ഓരോരുത്തരായി അവിടെ നിന്നു പോയി. ആബാലവൃദ്ധ സ്ത്രീജനം എല്ലാവരുടേയും മുഖത്തിൽ ഏകാന്തമായ ദൃഢതയും സഹിഷ്ണുതയും സ്ഫുരിച്ചുകൊണ്ടിരുന്നതു ബ്രാഹ്മണർ കണ്ടു.

വൃദ്ധൻ പറഞ്ഞു:— "ഇതിനു വേണ്ടിയാണ് മഹാദേവി സഞ്ജീവനീമൂർത്തി എടുത്ത് ഇവിടെ സ്ഥിതിചെയ്യുന്നത്. സഹിഷ്ണുത തന്നെയാണ് യഥാർത്ഥശക്തി. സഹനശീലമില്ലാതെ എത്ര എത്ര ജാതിക്കാർ ധർമ്മഭ്രഷ്ടന്മാരും ജാതിഭ്രഷ്ടന്മാരും ആയിട്ടു നാമാവശേഷം കൂടിയില്ലാത്തവരായി തീർന്നിട്ടുണ്ട്? എന്നാൽ ഒരു ദേശവാസികളുടെ ഹൃദയശിലകളിൽ പൂർവ്വപുരുഷന്മാരുടെ രൂപങ്ങൾ കൊത്തിവെയ്ക്കപ്പെട്ടിട്ടുണ്ട്. ഇവിടെ സഞ്ജീവനീമഹാദേവി താൻതന്നെ പ്രകാശിച്ചുകൊണ്ടിരിക്കുന്നുണ്ട്."

ത്രശ്ശിവപേരൂർ.

—കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ.

## "വായനശാല."

൧. ഉലകത്തെ വെടിഞ്ഞ കാവ്യകൃൽ-
കലമൊത്തങ്ങിനെ ഞാൻ സുഖിപ്പു മേൽ?;
വിലയറ്റതു താൻകഴിഞ്ഞിതൊ-
ന്നില,യാശിക്കിലുമിന്നി വന്നിടാ!!

൨. ഇവിടെത്തനിയേ വസിക്കിലാ-
സ്സുവിശുദ്ധാത്മവരാശയങ്ങളെ
അവിതർക്കമെടുത്തു കണ്ടിടാം;
ഭുവി മേ നാകമിതാണു, നിർണ്ണയം!!

൩. ഇരവും പകൽനേരവും പര-
സ്പരമെന്തെങ്കിലുമോതി, വേച്ചയിൽ
ചിരമിങ്ങമരുന്ന പുസ്തകോ-
ല്ക്കരമേ മൽപ്രിയാസ്സുഹൃത്തുകൾ!!

൪. അവയൊത്തു സുഖിപ്പു ഞാൻ; ശരി-
ക്കവയൊത്താണിഹ സന്തപിപ്പതും;
ലവലേശവുമില്ല കെല്പെനി-
ക്കവയോടുള്ള കടങ്ങൾ വീട്ടുവാൻ!!

൫. ഇതിവൻെറ മനോരഥങ്ങളിൽ
പ്രതിഭാസിച്ചിട്ടുമപ്പൊഴൊക്കയും
പതിതോഷ്മള ബാഷ്പധാരയാൽ
പതിവായെൻകവിളാർദ്രമായിടും!!

൬. മമ ഹൃത്തു, ദിവം ഗമിച്ച സ-
ത്തമർതൻ മാർഗ്ഗമനുവ്രജിക്കയാൽ,
ശ്രമമററവരൊത്തു നീണ്ട നാ-
ളമരാൻ യോഗമെനിക്കുദിച്ചപോയ്!!

൭. സുജനങ്ങളിലുററ സൌഹൃദം,
കുജനൌഘത്തിൽ വെറുപ്പിവററിനെ,
നിജദേശികർ പോലെ, പുസ്തക-
വ്രജമേകുന്നു നമുക്കു സൂക്തിയാൽ!!

൮. അവിശങ്കമടിച്ചടിച്ചഹോ!
കവിയും വേദന നൽകയില്ലവർ;
പവിയോടെതിരാം നഖങ്ങളാൽ
"ചെവി പൊന്നാക്കു"കയില്ല തെല്ലുമേ;

൯. പണമോ പടമോ കൊതിച്ചു നി-
ർഘൃണരായ്, നിർധനരായ നമ്മളെ
തുണയാതെ തുർത്തുകില്ലട്ട-
ത്തണയുംപോളവർ, തീരെ നിസ്പൃഹർ!!

൧൦. അതിപാവനതച്ചരിത്രമി-
മ്മതി കെട്ടോർക്കൊരു മാർഗ്ഗദർശിയാം;
അതിനാലവയെപ്പഠിക്ക നീ
പതിവായ് മാമകചിത്തരംഗമേ!

൧൧. മമ വായനശാലയാ നരോ-
ത്തമർതൻപാർപ്പിടമായിരിക്കിലോ
ക്ലമമേറിയ ഭാവി, പോലുമാ-
പ്രമദം പാരമെനിക്കു നൽകിടും!!

പാലക്കാട്.

—കേ. എസ്. പരമേശ്വരൻപിള്ള.

## കിച്ചനർ പ്രഭു.

### V

### ഈജിപ്തുനിവാസം.

കിച്ചനർപ്രഭു ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ ഈജിപ്തിലെ കൊൺസൽജനറലായി നിയമിക്കാത്തതിനെപ്പററി ഇംഗ്ലണ്ടിലെ ജനങ്ങളുടെയിടയിലും വർത്തമാനപത്രങ്ങളിലും ധാരാളമായി ആക്ഷേപം തുടങ്ങി. ബ്രിട്ടീഷധികാരത്തിൽപ്പെട്ടതായ ഈജിപ്തിൻെറ മേലന്വേഷണം നടത്തുന്നതിനു സർവ്വഥാ അർഹൻ കിച്ചനർപ്രഭുവാണെന്നായിരുന്നു പൊതുജനാഭിപ്രായം. അങ്ങനെയിരുന്നപ്പോൾ ഈജിപ്തിലെ കൊൺസൽജനറലായിരുന്ന സർ എൽഡൻ ഗോഴ്സ്റ്റ് ആ സ്ഥാനം ഒഴികയും, ൧൯൧൧ സെപ്തംബർ ൨൯-ാനു- കിച്ചനർപ്രഭുവിനെ ഈജിപ്തിലെ കൊൺസൽജനറലായും കയറോയിലെ ബ്രിട്ടീഷ് ഏജൻറായും നിയമിക്കുകയും ചെയ്തു.

കിച്ചനർപ്രഭു കൊൺസൽജനറൽ സ്ഥാനമേററ് ഈജിപ്തിൽ ചെന്നപ്പോൾ അവിടത്തെ പ്രബലന്മാരായ സ്ഥിരനിവാസികളിൽ ഒരു വർഗ്ഗക്കാരായ കോപ്ടസ് എന്ന ക്രിസ്ത്യന്മാരും മറെറാരു വർഗ്ഗക്കാ

രായ മുഹമ്മദീയരും തമ്മിൽ ദ്വേഷവൈരത്തോടുകൂടി പല മത്സരങ്ങൾ നടന്നിരുന്നു. രണ്ടു വർഗ്ഗക്കാരും പരസ്പരം ദുഷിച്ചു ലഘുലേഖകളും മററും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുക മുതലായി പലതും ചെയ്തിരുന്നു. അടുത്ത കാലത്ത് ഈജിപ്തിനെ കൈവശപ്പെടുത്തിയ ഇംഗ്ലീഷുകാരുടെ വാസം അവിടെ സ്ഥിരമാകരുതെന്നും അവരെ വല്ലവിധവും ബഹിഷ്കരിക്കണമെന്നുമുള്ള ഉദ്ദേശത്തോടു കൂടിയായിരുന്നു ചില ഈജിപ്തുകാർ മത്സരം തുടങ്ങിയത്. ഈജിപ്തിലെ രാജാവായ കെഡീവ് ഈ കൂട്ടരെ ഗൂഢമായി സഹായിക്കുകയും ചെയ്തിരുന്നു.

ഈ അവസരത്തിലാണ്, തുർക്കിയും ഇററലിയും തമ്മിൽ ഈജിപ്തിനോടു ചേർന്നു പടിഞ്ഞാറായിക്കിടക്കുന്ന ട്രിപ്പോളി എന്ന സ്ഥലത്തെപ്പററി തർക്കിച്ചു യുദ്ധപ്രഖ്യാപനമുണ്ടായത്. ഈജിപ്തു തുർക്കിരാജ്യത്തിന്റെ ഒരു ഭാഗമായിരുന്നതിനാലും അവിടത്തെ ജനങ്ങളിൽ ഒട്ടു മുക്കാൽ ഭാഗവും മുഹമ്മദീയരായിരുന്നതിനാലും, ഇററലിക്കാരായ അനവധി ജനങ്ങൾ അവിടെ കുടിയേറിപ്പാർത്തിരുന്നതിനാലും ഈ അവസരം ഈജിപ്തിനെ സംബന്ധിച്ചിടത്തോളം ഏററവും വിഷമമായ ഒരു ഘട്ടമായിരുന്നു. തുർക്കിസ്സൈന്യങ്ങൾക്കു കപ്പൽവഴി ട്രിപ്പോളിയിൽ ചെന്നു ചേരാൻ സാധിക്കാത്തവണ്ണം ഇററലിയുടെ യുദ്ധക്കപ്പലുകൾ ബലപ്പെട്ടിരുന്നു. പിന്നെ തുർക്കിയുടെ പോഷകസൈന്യങ്ങൾക്കു ട്രിപ്പോളിയിലെത്തുന്നതിനുള്ള ഏകമാർഗ്ഗം ഈജിപ്തിൽക്കൂടെയായിരുന്നു. ഇപ്രകാരമെല്ലാമിരുന്ന ആ ദുർഘടഘട്ടത്തിൽ ഈജിപ്തിന്റെ മേലധികാരം കിച്ച്നർപ്രഭുവിനല്ലാതെ, മററാർക്കെങ്കിലുമായിരുന്നു എങ്കിൽ, അവിടത്തെ സ്ഥിതി ബ്രിട്ടീഷുകാർക്ക് ഏററവും ആപന്നിദാനമായി പരിണമിക്കുമായിരുന്നു എന്നുള്ളതു തീർച്ചതന്നെ. എന്നാൽ കിച്ച്നർപ്രഭു, തന്റെ ബുദ്ധിസാമർത്ഥ്യവും രാജ്യതന്ത്രകുശലതയും കൊണ്ടു, ട്രിപ്പോളിയുദ്ധവും അതിനെത്തുടർന്നുണ്ടായ രണ്ടു ബാൾക്കൻയുദ്ധങ്ങളുമെല്ലാം കഴിയുന്നതുവരെ, ഈജിപ്തിൽ വലിയ ലഹളയൊന്നുമുണ്ടാകാതെ സമാധാനത്തെ പാലിച്ചുകൊണ്ടു തന്നെയിരുന്നു. രാജ്യത്തെക്കു ദോഷകരമായും ജനക്ഷോഭജനകമായും മററുമുള്ള അനാവശ്യകസംഗതികളെപ്പററി വർത്തമാനപത്രങ്ങളിലും ജനങ്ങളുടെ ഇടയിലും യാതൊരു പ്രസ്താവവുമുണ്ടാകാതെ പ്രഭു പ്രത്യേകം സൂക്ഷിച്ചിരുന്നു. എന്നു മാത്രമല്ല, ഈജിപ്തുകാരുടെ ശ്രദ്ധ ആ വഴിക്കെങ്ങും പോകാതെ തങ്ങളുടെ ധനസ്ഥിതിയെ നന്നാക്കുകയെന്നുള്ള വിഷയത്തിൽ ഏകാഗ്രമായി പതിയത്തക്കവണ്ണം അദ്ദേഹം ഓരോ ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയുംചെയ്തു. ഇവയിൽ പ്രധാനമായിട്ടുള്ളത്, അവിടെ യാതൊരു വക കൃഷിയും ചെയ്യാതെ തരിശായിക്കിടന്നിരുന്ന ഗവർമ്മേൻറു വക സ്ഥലങ്ങൾ ഒന്നും രണ്ടും ഏക്കർ വീതം വിഭജിച്ചു കൃഷി ചെയ്യാനായി ആ നാട്ടുകാരെ ഏല്പിക്കുകയും അതിലേയ്ക്കു സൌകര്യപ്രദങ്ങളായ ഏർപ്പാടുകളും ധനസഹായവും മററും ഗവർമ്മേൻറിൽനിന്നു ചെയ്തുകൊടുക്കുകയും ചെയ്തുവെന്നുള്ളതാണ്. ഇങ്ങനെ ജനങ്ങളുടെ ശ്രദ്ധയെ കൃഷിവിഷയത്തിലേയ്ക്കും മററും ആകർഷിച്ചുകൊണ്ടു, കിച്ച

നർപ്രഭു ഇതിനിടയ്ക്കു് അവിടുത്തെ സൈന്യങ്ങളെയും യുദ്ധോപകരണങ്ങളെയുമെല്ലാം പരിഷ്കരിച്ചു ശരിപ്പെടുത്തി. അതിനാൽ ഇപ്പോഴത്തെ യുദ്ധമാരംഭിച്ചപ്പോഴെയ്ക്കും മററു രാജ്യങ്ങളിലെപ്പോലെ ഈജിപ്തിലെ യുദ്ധോപകരണങ്ങളും യഥായോഗ്യം പരിഷ്കൃതങ്ങളായിത്തീൎന്നു.

## ആധുനികയുദ്ധം.

അഖിലലോകഭയാനകമായും അഭൂതപൂൎവ്വമായ വിധത്തിലും നടന്നുകൊണ്ടിരിക്കുന്ന ആധുനികയുദ്ധം ആരംഭിച്ചത് ൧൯൧൪ ആഗസ്റ്റുമാസം ൪-ാംനു-യാണല്ലോ. ഈ സമയം കിച്ച്നർപ്രഭു അവധിയെടുത്ത് ഇംഗ്ലണ്ടിൽ താമസിക്കുകയായിരുന്നു. ഇതൊരു യാദൃച്ഛികസംഭവമല്ലെന്നും, ഈശ്വരന്റെ മുൻനിശ്ചയപ്രകാരം ഇങ്ങനെ സംഭവിച്ചതാണെന്നുമാണ് എല്ലാവരും അനുമാനിച്ചിരിക്കുന്നത്.

ജൎമ്മനി യുദ്ധപ്രഖ്യാപനം ചെയ്ത അവസരത്തിൽ ഇംഗ്ലണ്ടിൽ യാതൊരുവക ഒരുക്കങ്ങളും മുൻകരുതലുകളും ചെയ്തിരുന്നില്ല. അതിനാൽ തൽക്കാലം എല്ലാവൎക്കും വളരെ പരുങ്ങലുണ്ടായി. ഇതിൽ തങ്ങൾക്കൊരാശ്വാസമുണ്ടാക്കുന്നതിനു കിച്ച്നർപ്രഭു ഉണ്ടല്ലോ എന്നൊരു സമാധാനമല്ലാതെ മറെറാരു ശരണവും ജനങ്ങൾ കണ്ടില്ല. ജനങ്ങളുടെ ഇടയിൽ കിച്ച്നർ, കിച്ച്നർ എന്നുള്ള ശബ്ദമല്ലാതെ കേൾക്കാനില്ലാതെയായി. ഈ അവസരത്തിൽ യുദ്ധമന്ത്രിയുടെ ജോലി കൂടി പ്രധാനമന്ത്രിയായ മിസ്റ്റർ ആസ്ക്വിത്താണ് നോക്കിവന്നത്. അതിനാൽ ഉടനെ കിച്ച്നർപ്രഭുവിനെ ആളയച്ചു വരുത്തി, വിവരം പറയുകയും, യുദ്ധമന്ത്രിയുടെ സ്ഥാനം അദ്ദേഹം സ്വീകരിക്കണമെന്നാണ് ജനങ്ങളുടെയും പാർലിമേൻറുസഭയുടെയും താൽപൎയ്യമെന്നുള്ള സംഗതി ഗ്രഹിപ്പിക്കുകയും ചെയ്തു. എന്നാൽ മുൻപുണ്ടായിട്ടുള്ള പല യുദ്ധങ്ങളിൽ ഓരോ കാൎയ്യങ്ങൾക്കു പാർലിമേൻറുസഭയുടെ അനുവാദം ലഭിക്കുന്നതിനുണ്ടായ കാലതാമസം നിമിത്തം സംഭവിച്ചിട്ടുള്ള കുഴപ്പങ്ങളെപ്പററിയും മററും കിച്ച്നർപ്രഭുവിനു നല്ലപോലെ അറിയാമായിരുന്നതിനാൽ, ചില വ്യവസ്ഥകളോടുകൂടിയല്ലാതെ ഈ സ്ഥാനം സ്വീകരിക്കാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇതിനെപ്പററി കിച്ച്നർപ്രഭുവും മന്ത്രിമാരും കൂടി ൨ മണിക്കൂറുനേരം ആലോചന നടത്തിയതിന്റെ ശേഷം കിച്ച്നർപ്രഭു ആവശ്യപ്പെട്ട വ്യവസ്ഥകളെല്ലാം സമ്മതിക്കത്തക്കവയല്ലെന്നു തോന്നുകയാൽ ഒടുക്കം മന്ത്രിമാർ, പ്രഭു അദ്ദേഹത്തിന്റെ ജോലിസ്ഥലമായ ഈജിപ്തിലേക്കു പൊയ്ക്കൊള്ളുന്നതിന് അനുവദിച്ചു. അതിനാൽ കിച്ച്നർപ്രഭു ഈജിപ്തിലേയ്ക്കു കപ്പൽകയറാനായി തുറമുഖസ്ഥലമായ ഡോവറിൽ എത്തിയപ്പോഴെയ്ക്കും പ്രധാനമന്ത്രി ദൂരശബ്ദിനിയന്ത്രം മൂലം അദ്ദേഹത്തെ തിരിയേ വിളിക്കുകയും, അദ്ദേഹം ആവശ്യപ്പെട്ട വ്യവസ്ഥകളെല്ലാം സമ്മതിച്ചിരിക്കുന്നതായി പറയുകയും, അതിനാൽ പ്രഭു യുദ്ധമന്ത്രിയുടെ സ്ഥാനം സ്വീകരിക്കുകയും ചെയ്തു.

കിച്ച്നർപ്രഭു മന്ത്രിസഭയിലെ ജോലികളിൽ യാതൊരറിവും പരിചയവും സിദ്ധിച്ചിട്ടില്ലാത്ത ഒരു വെറുംപടയാളിയായിരുന്നു. എങ്കിലും അദ്ദേഹം യുദ്ധമ

ന്ത്രിയുടെ സ്ഥാനം കയ്യേററതു നിമിത്തം യാതൊരു കുഴപ്പവുമുണ്ടായില്ല; പ്രത്യുത, വളരെ ഗുണം സിദ്ധിക്കുകയും ചെയ്തു. ഈ സ്ഥാനം വഹിക്കുന്നതിന് ഒരു രാജ്യതന്ത്രജ്ഞനെക്കൊണ്ടു മതിയാവുകയില്ല. ഇവിടെ രാജ്യഭരണകാൎയ്യങ്ങളെപ്പററി പ്രസംഗിക്കുകയല്ലല്ലോ വേണ്ടത്. കാൎയ്യങ്ങൾ ക്രമപ്പെടുത്തിയും ശരിയാക്കിയും നടത്തുകയാണല്ലോ ഈ മന്ത്രിയുടെ കൃത്യം. യുദ്ധം സംബന്ധിച്ചുള്ള സകലസംഗതികളെയും ഭംഗിയായി ക്രമപ്പെടുത്തിയും ശരിയാക്കിയും നടത്തുന്നതിനു കിച്ചനർപ്രഭുവിനു പ്രത്യേകമൊരു വാസനയും സാമൎത്ഥ്യവുമുണ്ടായിരുന്നു.

കിച്ചനർപ്രഭു യുദ്ധമന്ത്രിയുടെ സ്ഥാനത്തെ പ്രാപിച്ചിട്ട് ഉടൻ തന്നെ യുദ്ധച്ചെലവു വകയ്ക്ക് ൧൦൦,൦൦൦,൦൦൦ പവൻ പാർലിമേൻറുസഭയെക്കൊണ്ട് അനുവദിപ്പിക്കുകയാണ് ചെയ്തതു്. അതിൻെറ ശേഷം അഞ്ചു ലക്ഷം സൈനികന്മാരെ കൂടി വിശേഷാൽ ശേഖരിക്കുന്നതിനും പാർലിമേൻറിൻെറ അനുവാദം വാങ്ങി.

യുദ്ധം മൂന്നുവൎഷത്തോളം കാലം നീണ്ടുനിൽക്കുമെന്നു കിച്ചനർപ്രഭു ഒരമേരിക്കൻ പത്രപ്രതിനിധിയോടു പറഞ്ഞതായി ചില വൎത്തമാനപത്രങ്ങളിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ പ്രഭു അതിനെ നിഷേധിക്കയാണ് ചെയ്തത്. അദ്ദേഹം മന്ത്രിസ്ഥാനം സ്വീകരിച്ചതും വിശേഷാൽ സൈന്യങ്ങളെ ശേഖരിച്ചതും മൂന്നുവർഷത്തെയ്ക്കോ അല്ലെങ്കിൽ യുദ്ധാവസാനം വരെയ്ക്കോ എന്നുള്ള വ്യവസ്ഥയോടുകൂടിയായിരുന്നു. അതിനാലാണ്, ഇപ്രകാരമൊരു പ്രസ്താവമുണ്ടായത് എന്നും ഒരു പക്ഷമുണ്ട്. എന്നാൽ, യുദ്ധം ആരംഭിച്ച ഉടനെ "ഈ യുദ്ധം മൂന്നു വർഷത്തോളം കാലം നീണ്ടുനില്ക്കു"മെന്നു കിച്ചനർപ്രഭു തന്നോടു പറഞ്ഞതായി അദ്ദേഹത്തിൻെറ പ്രിയമിത്രമായ എഷർപ്രഭു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

ഈ യുദ്ധം ആരംഭിച്ച സമയം ഇംഗ്ലണ്ടിലെ കരസ്സൈന്യം ജയം നേടുമെന്നു നിസ്തൎക്കമായി വിചാരിക്കാവുന്ന വിധത്തിൽ അത്ര നല്ല സ്ഥിതിയിലല്ല ഇരുന്നിരുന്നത്. ഈ അവസരത്തിൽ കിച്ചനർപ്രഭു ഇതിൻെറ ധുരന്ധരത്വമുള്ള മന്ത്രിസ്ഥാനം സ്വീകരിക്കാതെയിരുന്നിരുന്നുവെങ്കിൽ, ഇംഗ്ലണ്ടിൻെറ സ്ഥിതി വലിയ പരുങ്ങലിലായിപ്പോകുമായിരുന്നു എന്നാണ് ഇപ്പോൾ എല്ലാവരുടേയും അഭിപ്രായം.

യുദ്ധമാരംഭിച്ചിട്ടു ൧൪ ദിവസത്തിനകമായി ഒരു ലക്ഷം സൈന്യങ്ങളെ തെയ്യാറാക്കി സകല സാമഗ്രികളോടുംകൂടി ബൽജിയമിൻെറയും ഫ്രാൻസിൻെറയും സഹായത്തിനായി ഫ്രാൻസിൽ ഇറക്കിവിട്ടു. ഈ യാത്രയിൽ ഇവരിൽ ആൎക്കുംതന്നെ യാതൊരപകടവും പററാനിടയായില്ലാ. ഈ സൈന്യങ്ങളെ ഇംഗ്ലണ്ടിൽനിന്നു കപ്പലിൽ കയററിയതാകട്ടെ അതിൻെറ ഒരുക്കങ്ങളെപ്പററിയാകട്ടെ യാതൊരു സംഗതിയും യാതൊരുത്തരും അറിയാതെ കഴിച്ചുകൂട്ടി. സൈന്യങ്ങളെല്ലാം ഫ്രാൻസിൽ ചെന്നിറങ്ങിയതിൻെറ ശേഷം മാത്രമേ ഇംഗ്ലണ്ടിലും മററുമുള്ള ആളുകൾ ഇതിനെപ്പററി പരക്കെ അറിഞ്ഞുള്ളു. ഒരു ലക്ഷം സൈന്യങ്ങളെ അവൎക്കു വേണ്ടുന്ന

സകലയുദ്ധോപകരണങ്ങളോടും ഭക്ഷണസാധനങ്ങൾ മുതലായവയോടും കൂടി യാതൊരുത്തരുമറിയാതെയും യാതൊരപകടവും പററാതെയും കപ്പൽ കയററി മററൊരു രാജ്യത്തു കൊണ്ടുചെന്നിറക്കുകയെന്നുള്ളത് എത്രമാത്രം ശ്രമസാദ്ധ്യവും ദുഷ്കരവുമായ കാൎയ്യമാണ്! ഇതു കിച്ചനർപ്രഭുവിൻെറ നയവും ശക്തിയും കൊണ്ടു മാത്രമാണ് സാധിച്ചത്. യുദ്ധം തുടങ്ങീട്ട് എതാനും ദിവസത്തേയ്ക്കു് ഇംഗ്ലണ്ടിലുള്ള സാധാരണജനങ്ങൾ പോലും എന്തെല്ലാമാണ് ചെയ്യേണ്ടതെന്നും മററും പറഞ്ഞുകൊടുത്തിരുന്നതു കിച്ചനർപ്രഭുവാണ്. എല്ലാവരും കിച്ചനർപ്രഭുവിനെത്തന്നെ ശരണം പ്രാപിച്ചു. ഇംഗ്ലണ്ടിലെ ഒരു പ്രധാന വൎത്തമാനപത്രത്തിൻെറ ഉടമസ്ഥൻ ഒരുദിവസം കിച്ചനർപ്രഭുവിൻെറ അടുക്കൽ ചെന്നു, യുദ്ധംസംബന്ധിച്ചുള്ള വൎത്തമാനങ്ങൾ കിട്ടിയാലുടനെ യാതൊരു ഭേദഗതിയും വരുത്താതെ പത്രത്തിൽ പ്രസിദ്ധപ്പെടുത്താനായി കൊടുക്കണമെന്ന് ആവശ്യപ്പെട്ടു.

കിച്ചനർ— ഇതു സാധിക്കുന്നതല്ല. ഗവൎമ്മേൻറനുവാദം കൂടാതെ യുദ്ധത്തെപ്പററി യാതൊരു വൎത്തമാനവും നിങ്ങൾ പ്രസിദ്ധപ്പെടുത്തരുത്.

ഉടമസ്ഥൻ— എന്നാൽ ഇതു വേണ്ട. എൻെറ റിപ്പോൎട്ടരന്മാർ യുദ്ധസ്ഥലത്തുണ്ട്. അവർ വൎത്തമാനങ്ങൾ അയച്ചുതരികയും നാളെ മുതൽ ഞാൻ പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്യും.

കിച്ചനർ— നാളെ നിങ്ങളുടെ പത്രം പ്രസിദ്ധപ്പെടുത്താൻ തന്നെ ഇടയാവുകയില്ല.

ഇതു കേട്ട് ആ പത്രനാഥൻ ലജ്ജാവനതമുഖനായി പിന്മാറിപ്പോവുകയും ചെയ്തു.

കിച്ചനർപ്രഭു മന്ത്രിസ്ഥാനം സ്വീകരിച്ചപ്പോൾ മുതൽക്കു തന്നെ കൂടുതൽ പട്ടാളക്കാർ ആവശ്യമുണ്ടെന്നുള്ള നോട്ടീസ്സുകൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഈ നോട്ടീസുകളിലെല്ലാം കൈ ചൂണ്ടികൊണ്ടു നില്ക്കുന്ന ഭാവത്തിൽ കിച്ചനർപ്രഭുവിൻെറ ഛായാപടം കൂടിച്ചേൎത്തിരുന്നു. ആ കൈചൂണ്ടിയിരുന്നതിൻെറ അടിയിലായി "കിച്ചനർക്കു മുപ്പതുലക്ഷം സൈന്യങ്ങൾ ആവശ്യമായിരിക്കുന്നു" എന്നും അതിനു താഴെ "ഇംഗ്ലണ്ടിനു നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്" എന്നുംകൂടി ചേൎത്തിരുന്നു. മനസ്സുള്ളവർ സൈന്യത്തിൽച്ചേരുക എന്നല്ലാതെ, മററു ചില രാജ്യങ്ങളിലെപ്പോലെ ഇത്ര വയസ്സു മുതൽ ഇത്ര വയസ്സു വരെ പ്രായമായിട്ടുള്ളവരെല്ലാം പട്ടാളവകുപ്പിൽ ചേൎന്നുകൊള്ളണമെന്നുള്ള നിർബന്ധം അപ്പോൾ ഇംഗ്ലണ്ടിലുണ്ടായിരുന്നില്ല. എന്നിട്ടും കിച്ചനർപ്രഭു നോട്ടീസ്സു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ ഒട്ടും താമസിയാതെ ആവശ്യമുള്ളിടത്തോളവും അതിലധികവുമാളുകൾ സൈന്യവകുപ്പിൽ ച്ചേരാനായി തെയ്യാറായി ഹാജരാവുക പതിവായിരുന്നു. ഇത് ആ മഹാനുഭാവനെക്കുറിച്ചു ജനങ്ങൾക്കു പൊതുവേയുണ്ടായിരുന്ന മതിപ്പും ബഹുമാനവും കൊണ്ടു മാത്രമായിരുന്നുവെന്നു പറയണമെന്നില്ലല്ലോ.

അതിൻെറ ശേഷം കിച്ചനർ പ്രഭു യുദ്ധം നടന്നുകൊണ്ടിരിക്കുന്ന മിക്കസ്ഥല

ങ്ങളിലും സഞ്ചരിക്കുകയും ഫ്രാൻസിലെ കിടങ്ങുകളും യുദ്ധം നടത്തുന്ന രീതിയും മററും പലപ്പോഴും സന്ദർശിക്കുകയും ചെയ്തു. ഇംഗ്ലീഷുകാർ ജർമ്മൻകാരോടു ഫ്രാൻസിൽ എതിരിട്ടതുപോലെ തന്നെ തുർക്കികളോട് എതിരിടാനായി ഗാലിപ്പോളി എന്ന സ്ഥലത്തേയ്ക്കും സൈന്യങ്ങളെ അയച്ചിരുന്നു. (ഗാലിപ്പോളി എന്ന ഉപദ്വീപു യൂറോപ്പും ഏഷ്യായും തമ്മിൽ ഏററവും അടുത്തുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അററത്തായിട്ടാണ്. അതായത്, മെഡിറററേനിയൻകടലിന്റെ വടക്കു കിഴക്കേക്കോണിൽ നിന്നു ബ്ലാക്ക്‌സീ മുതലായ ഉൾക്കടലുകളിലേയ്ക്കു ജലമാർഗ്ഗമായി പോകുമ്പോൾ ആദ്യമായി കാണുന്ന കടലിടുക്കിന്റെ വടക്കും പടിഞ്ഞാറുമായി കിടക്കുന്ന കരയാകുന്നു.) എന്നാൽ തുടരെത്തുടരെയുണ്ടായ പല ആകസ്മികസംഭവങ്ങൾ നിമിത്തം ഇംഗ്ലീഷുകാർക്കു സൈന്യങ്ങളെ അവിടെയിറക്കുന്നതിനും മുൻപോട്ടു കടക്കുന്നതിനും വിചാരിച്ചിരുന്നതുപോലെ സാധിച്ചില്ല. അതിനാൽ മററു മന്ത്രിമാരുടേയും പല സ്നേഹിതന്മാരുടേയും പാർലിമെൻറു സഭാസാമാജികന്മാരുടേയും ആവശ്യപ്രകാരം കിച്ചനർപ്രഭു ഗാലിപ്പോളിയിൽപ്പോവുകയും അവിടത്തെ സ്ഥിതികളെപ്പററി ചില പരിശോധനകൾ നടത്തുകയും ചെയ്തു. അതിന്റെ ശേഷം അദ്ദേഹത്തിനുണ്ടായ അഭിപ്രായംകൊണ്ടു കൂടിയാണ് അവിടെനിന്നു സൈന്യങ്ങളെ പിൻവലിച്ചത്. കിച്ചനർപ്രഭു ഇററലിയിലും പോവുകയും അവിടെ ആസ്ത്രിയായുമായി ചെയ്തുകൊണ്ടിരുന്ന യുദ്ധത്തിന്റെ വിജയകരമായ നടത്തിപ്പിലേയ്ക്കു വേണ്ടുന്ന ആലോചനകളെല്ലാം ചെയ്യുകയും ചെയ്തു. ഈ യുദ്ധത്തിൽ തങ്ങൾ ഏതു ഭാഗത്താണ് ചേരേണ്ടതെന്നുള്ളതിനെപ്പററി ഗ്രീസുകാരുടെ ഇടയിൽ തന്നെ വലിയ സംശയം വ്യാപിച്ചിരുന്നു. ഗ്രീസ്സിലെ രാജാവു വിവാഹം കഴിച്ചിരിക്കുന്നതു ജർമ്മൻ ചക്രവർത്തിയുടെ സഹോദരിയെയാകയാൽ ഗ്രീസ്സ ജർമ്മനിയോടു ചേർന്നേക്കുമെന്നുള്ള സംശയം കിച്ചനർപ്രഭുവിനും ഉണ്ടാകാതെയിരുന്നില്ല. അതിനാൽ അദ്ദേഹം അവിടെയും പോവുകയും അവിടത്തെ രാജാവിനെയും മന്ത്രിമാരെയും മററും കാണുകയും അതിനാൽ ഗ്രീസ്സുകാരുടെ നില സ്വല്പം ഭേദപ്പെടുകയും ചെയ്തു.

ആധുനികയുദ്ധം ആരംഭിച്ചതിന്റെ ശേഷം കിച്ചനർപ്രഭു തുടരെത്തുടരെ സൈന്യങ്ങളെ ശേഖരിക്കുകയാണല്ലോ പ്രധാനമായി ചെയ്തുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി ഒന്നരക്കൊല്ലംകൊണ്ട് അൻപതു ലക്ഷം സൈന്യങ്ങൾ പറയത്തക്കവണ്ണം യാതൊരു നിർബ്ബന്ധവും കൂടാതെ ഇംഗ്ലണ്ടിൽത്തന്നെ ശേഖരപ്പെടുകയും അവരെക്കൊണ്ടു യഥാക്രമം ആയോധനം ചെയ്യിക്കേണ്ടതിലേയ്ക്കു വേണ്ടുന്ന സകല സാമഗ്രികളോടുകൂടി അവരെ തെയ്യാറാക്കുകയും ചെയ്തു. ഈ കാര്യം കിച്ചനർപ്രഭുവല്ലാതെ മററാരുതന്നെ വിചാരിച്ചാലും ഇത്രയെളുപ്പത്തിലും ഭംഗിയായും നിർവ്വഹിക്കാൻ കഴിയുന്നതല്ലായിരുന്നു. ഇപ്പോഴും ഈ സൈന്യങ്ങൾ അദ്ദേഹത്തിന്റെ സ്മാരകങ്ങളായി നിന്ന് ഓരോ സ്ഥലങ്ങളിൽ യുദ്ധം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്നു. ഇവയുടെ പേരും "കിച്ചനർസൈന്യങ്ങൾ" എന്നാണ്.

കോട്ടയം.

—കെ. എം. മാത്തുള്ളമാപ്പിള.

# * ഇന്നത്തെ അത്യത്ഭുതം.

## ഹെല്ലൻ കെല്ലർ.

"ഞാൻ ബധിരയാണ്, എന്നാൽ ഞാൻ കേൾക്കുന്നു. ഞാൻ അന്ധയാണ്, എന്നാൽ ഞാൻ കാണുന്നു. ഞാൻ മൂകയാണ്, എന്നാൽ ഞാൻ സംസാരിക്കുന്നു." ശക്തിയോടും ഉറപ്പോടും സ്പഷ്ടതയോടും കൂടി വായുമണ്ഡലത്തിൽ മുഴങ്ങിയ ഈ വാക്കുകൾ, 'സുഖം' എന്ന വിഷയത്തിൽ, അന്ധയും മൂകയും ആയ മിസ് ഹെല്ലൻ കെല്ലർ 1915 ഏപ്രിൽ 27-ാം നു- ഒരു സർവ്വകലാശാലയിൽ കൂടിയിരുന്ന മാന്യ സാമാജികന്മാരുടെ മുമ്പിൽ വെച്ചു പ്രസംഗിച്ച ഒരു പ്രസിദ്ധപ്രസംഗത്തിൽ നിന്നെടുത്തതാണ്. അനിർവ്വചനീയമായ മനോഹരതയോടുകൂടിയ മന്ദസ്മിതത്താൽ അലങ്കൃതമായ അവരുടെ മുഖത്തുനിന്നു പുറപ്പെട്ട അഭിപ്രായം ഇതായിരുന്നു:- "സുഖം എന്നതു അതനുഭവമായതോടു കൂടി അവസാനിക്കുന്നു. അതു സ്നേഹിക്കുക എന്നല്ലാതെ മറ്റൊന്നുമല്ല. നമ്മൾ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ നാം സുഖികളാണ്. വെറും സന്തോഷത്തെക്കാൾ ആഴത്തിലേയ്ക്കിറങ്ങിയ ഒന്നാണ് സുഖം. നാം തീരെ ആലോചിക്കാതെ ഇരിക്കുമ്പോഴാണ്, സുഖം നമുക്കുണ്ടാകുന്നത്."

മിസ് ഹെല്ലൻ കെല്ലർ സുന്ദരിയും ചെറുപ്പക്കാരിയുമായ ഒരു മാന്യ യുവതിയാണ്. നീണ്ടു വണ്ണം കുറഞ്ഞു കണ്ടാൽ ഏറ്റവും അന്തസ്സുള്ള ഒരു സുഭഗശരീരമാണ് അവരുടേത്. മനോഹരവും, ബുദ്ധിമതി എന്നു കാണിക്കുന്നതും ആയ അവരുടെ മുഖം അപൂർവ്വമായ ഒരു സൌന്ദര്യവിശേഷത്താൽ എപ്പോഴും പ്രകാശമാനമായിരിക്കുന്നു. തികഞ്ഞ സ്ത്രീത്വത്തോടു കൂടിയ ഈ സ്ത്രീ പ്രസംഗമണ്ഡപത്തിലേക്കു കയറിയപ്പോൾ, ഭംഗിയിലും പരിഷ്കൃതസമ്പ്രദായത്തിലും ഉടുപ്പിട്ടിട്ടുണ്ടായിരുന്നു. നീണ്ട് ആമ്പൽപ്പൂപോലെ വെളുത്ത കയ്യുറകളാൽ മറയ്ക്കപ്പെട്ട അവരുടെ കൈപ്പടങ്ങൾ കൌതുകകരങ്ങളായിരുന്നു. ചുകന്ന പനിനീർപ്പൂക്കളും കൌതുകകരങ്ങളായ മറ്റു പുഷ്പങ്ങളും ചേർത്തുണ്ടാക്കിയ ഭംഗിയുള്ള ഒരു പൂച്ചെണ്ട് അവരുടെ അരക്കെട്ടിനെ അലങ്കരിച്ചുമിരുന്നു.

'സുഖ'ത്തെപ്പറ്റി പറയുമ്പോൾ മിസ് കെല്ലർ, സൂര്യൻ ചിലപ്പോൾ മേഘപടലത്താൽ മറയപ്പെടുന്നതുപോലെ നമ്മളുടെ ജീവിതം ബുദ്ധിമുട്ടുകളെക്കൊണ്ടും അരിഷ്ടങ്ങളെക്കൊണ്ടും അപ്പപ്പോൾ ഇരുട്ടടയപ്പെട്ടു പോയേക്കാം എന്നു സമ്മതിച്ചു. "എന്നാൽ നമ്മുടെ ജീവിതത്തെ സുഖപരിപൂർണ്ണമാക്കിത്തീർത്തതുകൊണ്ടു മാത്രം

* 'മോഡേൺ റിവ്യൂ'വിൽ ശ്രീമാൻ സുധീന്ദ്രബോസ് എഴുതിയത്.

മതിയായില്ല; അന്യന്മാരുടെ ജീവകാലത്തെ പ്രകാശമാനവും സന്തോഷമയവും ആക്കിത്തീൎക്കുകയും അവക്കു സുഖത്തെ ഉണ്ടാക്കിക്കൊടുക്കുകയും കൂടി നാം ചെയ്യേണ്ടിയിരിക്കുന്നു.”

കനമുള്ളതും സ്പഷ്ടതകൂടിയതും ആയ അവരുടെ ശബ്ദത്തിൽ മററുള്ളവരുടെ ഉള്ളിൽ തട്ടുന്ന ഒന്നുണ്ടായിരുന്നു. വാചകങ്ങൾ ശുദ്ധങ്ങളും അവസ്സുള്ള ഒഴുക്കു ഹൃദയംഗമവുമായിരുന്നു. അവരുടെ വാക്കുകൾ ശ്രോതാക്കളുടെ കണ്ണിൽ കണ്ണുനീർ പുറപ്പെടുവിച്ചു. നിശ്ചയമായും അവരുടെ ശബ്ദം അകൃത്രിമമായിരുന്നില്ല; അതെ, എങ്ങിനെയാണ് അവരെപ്പോലെയുള്ള ഒരാളുടെ ശബ്ദം തീരെ അകൃത്രിമമായിത്തീരുക? പത്തൊമ്പതു മാസം ചെന്ന ഒരു പിഞ്ചുകുട്ടി ആയതിന്നു ശേഷം, അവർ ഒരു മനുഷ്യമുഖത്തെ കാണുകയോ ഒരു മനുഷ്യശബ്ദത്തെ കേൾക്കുകയോ ചെയ്തിട്ടില്ല. സ്പൎശേന്ദ്രിയവും ഘ്രാണേന്ദ്രിയവുമല്ലാതെ, ലോകയാത്രയിൽ അവരെ സഹായിക്കുന്നതിന്നു മററുപകരണമൊന്നും അവക്കില്ലല്ലോ. എങ്കിലും ആ വിസ്താരമേറിയ സഭാസ്ഥലത്തുണ്ടായിരുന്ന ഞങ്ങളിൽ ഒരാളുടെയെങ്കിലും ഉള്ളിൽ, പ്രസംഗാവസാനത്തിൽ അവർ പറഞ്ഞ ഈ വാക്കുകൾ വന്നുകൊള്ളാതിരുന്നിട്ടില്ല. “നമുക്കു വേണ്ടതെല്ലാം ഉണ്ടായിരിക്കുന്നതു കൊണ്ടു മാത്രം സുഖമായില്ല. സുഖമെന്നതു സ്നേഹമാണ്. സ്നേഹമെന്നതു ഹിതകാരിതയാകുന്നു. ലോകത്തിന്നു രക്ഷ കിട്ടുന്നതു സ്നേഹത്താൽ തന്നെയാണ്.”

ശ്രോതാക്കളെ ‘അപഹൃതചിത്തവൃത്തികളാക്കിത്തീൎത്ത ആ പ്രസംഗം അവസാനിച്ചതിന്റെ ശേഷം സഭ്യന്മാരോട് അവക്കു വല്ല ചോദ്യവും ചോദിക്കാനുണ്ടെങ്കിൽ അതിന്നു വിരോധമില്ലെന്നു ക്ഷണിച്ചു. കാണാൻ രസമുള്ള ഒരു കാഴ്ച അപ്പോൾ അവിടെ ഉണ്ടായി. മിസ് കെല്ലർ അവരുടെ ഇടത്തെ കയ്യിൽനിന്ന് ഉറയൂരി; എന്നിട്ട്, ഇടത്തെ കൈ, തള്ളവിരൽ കഴുത്തിലും ചെറുവിരൽ മൂക്കിന്മേലും മററു വിരലുകൾ ചുണ്ടിന്മേലുമായി, തനിക്കു ജീവദശയിലെ ഏകസ്നേഹിതയും ഉപാദ്ധ്യായിനിയുമായ അടുത്തുള്ള മിസ്സിസ് മെയ്സിയുടെ മുഖത്തു വെച്ചു. മുഖത്ത് ഏററവും ഹൃദയപൂൎവ്വമായ ഒരതിശ്രദ്ധ പ്രത്യക്ഷത്തിൽ വിളങ്ങുമാറു ഹെല്ലൻ കെല്ലർ അങ്ങിനെ നിന്നു. മിസ്സിസ് മെയ്സി ചോദ്യങ്ങളെ ഒന്നുകൂടി എടുത്തുപറഞ്ഞു; ഉടനെ ഹെല്ലൻകെല്ലർ അസാധാരണമായ സ്പൎശജ്ഞാനത്തോടുകൂടിയ തന്റെ വിരലുകളുടെ സഹായത്താൽ ആ ചോദ്യം മുഴുവനും ശരിക്കു മനസ്സിലാക്കി.

ആ ഉപാദ്ധ്യായിനി ചോദിച്ചു, “ഈ സ്ഥലത്ത് ആകെ എത്ര പേരുണ്ടെന്നു നിങ്ങൾക്കു പറയാമോ?”

അവരുടെ ഭാവം മുഴുവനും ശ്രദ്ധാവൈശിഷ്ട്യത്താൽ മിന്നിത്തിളങ്ങി. കണ്ണിന്നു കാഴ്ചയുള്ള ഒരാളെപ്പോലെ അവർ തന്റെ രണ്ടു വശത്തെല്ലാം ഒന്നു നോക്കി, കുറച്ചുനേരം മിണ്ടാതിരുന്നു; എന്നിട്ട് ഒരു നെടുവീൎപ്പിട്ടുകൊണ്ടു പറഞ്ഞു: “ഇവിടെ അനവധി പേർ കൂടിയിട്ടുണ്ട്. ഈ സ്ഥലത്ത് ആകെ അഞ്ഞൂറിലധികം പേർ ഉണ്ടായിരിക്കണം. ഇവിടത്തെ വായുതിങ്ങലും കനവും കൂടിയിരിക്കുന്നതിൽ നിന്നാണ് ഞാനതു മനസ്സിലാക്കിയത്.”

"നിങ്ങളെ സഭ്യന്മാർ ഹസ്തതാഡനം കൊണ്ടഭിനന്ദിക്കുന്നത് എപ്പോഴെന്നു നിങ്ങൾക്കു പറയാമോ?"

ഒരു മിന്നൽവേഗത്തോടുകൂടി അതാ, അതിന്നുത്തരം:—

"ഉവ്വ്, ഞാൻ പറയാം. ഞാൻ എന്റെ കാലുകളെക്കൊണ്ട് അതു കേൾക്കുന്നു."

"നിങ്ങളെന്തിനാണ് ഇങ്ങിനെ പ്രസംഗം നടത്തുന്നത്?"— ഇതായിരുന്നു മറ്റൊരു ചോദ്യം.

പ്രതിഭയോടും മനസ്സലിക്കുന്ന ഒരു പുഞ്ചിരിയോടും കൂടി അവർ മറുവടി പറഞ്ഞു: "എന്തിനാണെന്നു വെച്ചാൽ— സംസാരിക്കുവാൻ ഞാനിഷ്ടപ്പെടുന്നു."

"നിങ്ങൾ ഒരു സഫ്റെയിജിസ്റ്റാണോ?"

"അതെ, തീച്ചയായും അതെ."

"നിങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പുരുഷന്മാർ ശരിപ്പെടുത്തിത്തരാവുന്നതാണെന്നു നിങ്ങൾക്കു വിചാരമില്ലേ?"

"അവർ അതിനെപ്പററി വലിയ മേനി നടിക്കാത്ത പക്ഷം എനിക്കു വിരോധമില്ല. സ്ത്രീകൾക്കു രാജ്യഭരണകാര്യത്തിൽ അധികാരം കിട്ടേണ്ടതാണെന്നുള്ള പക്ഷത്തിലാണ് ഞാൻ; എന്തുകൊണ്ടെന്നാൽ, പ്രാതിനിധ്യത്തെ മുൻനിത്തിക്കൊണ്ടല്ലാത്ത കരംപിരിവു സാധുവാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. രാജ്യഭരണത്തെ സംബന്ധിച്ച് ഇതുവരെ നമ്മൾ ചെയ്തുവന്നിട്ടുള്ള എല്ലാ പരിവത്തനങ്ങളും അതൊന്നിനെ അടിസ്ഥാനമാക്കിയിട്ടാണ്.

"നിങ്ങൾക്കു വല്ല സംഗീതോപകരണങ്ങളും ഉപയോഗിച്ച പാട്ടുപാടുവാൻ സാധിക്കുമോ?"

"ഉവ്വ്; കൈകൊണ്ടു പ്രവത്തിപ്പിക്കാവുന്ന ഉപകരണങ്ങളെക്കൊണ്ടാണെങ്കിൽ എനിക്കു സാധിക്കും."

"നിങ്ങൾക്കു പുഷ്പങ്ങളിൽ ഇഷ്ടമുണ്ടോ?"

"ഉവ്വ്, തീർച്ചയായും. അവയാണ് എന്റെ ജീവകാലത്തെ സന്തോഷമയമാക്കിത്തീക്കുന്ന സാധനങ്ങൾ."

"ഈ സവ്വകലാശാലയിൽ വായിക്കുന്ന വിദ്യാത്ഥിനികളോടു നിങ്ങൾക്കു വല്ല ഉപദേശവും ചെയ്വാനുണ്ടോ?"

"നിങ്ങൾ വോട്ടുകിട്ടുവാൻ വേണ്ടി പ്രയത്നിക്കുവിൻ! കഴിയുന്ന ക്ഷണത്തിൽ അതു മേടിക്കയും ചെയ്വിൻ! എന്നിട്ട് ആ അധികാരത്തെ കുട്ടികളെക്കൊണ്ടദ്ധ്വാനിപ്പിക്കുന്നതിനേയും സ്ത്രീകളെക്കൊണ്ടും പുരുഷന്മാരെക്കൊണ്ടും അധികസമയം പ്രവൃത്തി എടുപ്പിക്കുന്നതിനേയും നിത്തൽ ചെയ്യിക്കുവാൻ വേണ്ടി ഉപയോഗിക്കുവിൻ!"

ബധിരയും അന്ധയുമായ ഒരു സ്ത്രീ-തന്റെ സ്വന്തം ശബ്ദത്തെ കേൾക്കാത്തവളും തന്റെ ശ്രോതാക്കളെ കാണാത്തവളും ആയ ഒരുവൾ— ഒരു സഭയിൽവെച്ച വാചാപ്രസംഗം ചെയ്യുകയും, തന്നോടു ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉടനടി ഉത്തരം പറയുകയും ചെയ്യുന്നതിനെക്കാൾ അത്യത്ഭുതം ലോകത്തിൽ മറെറന്താണ്? ഇക്കാലത്തെസ്ത്രീ എററ

ദ്ധ്യം ഉപരിയായി നില്ക്കുന്ന ഒരു ലോകാത്ഭുതമാണ് ഹെല്ലൻകെല്ലർ എന്നു വിചാരിക്കാം. വാസ്തവമായും ലോകത്തിലെ എട്ടാമത്തെ അത്ഭുതം അവരാണെന്നു പറയാം.

19-ാം നൂററാണ്ടിൽ ഏററവും മികച്ചു നില്ക്കുന്ന രണ്ടത്ഭുതം, ഒന്ന് നെപ്പോളിയൻ ബോണാപ്പാർട്ടും മറേറതു ഹെല്ലൻകെല്ലറുമാണെന്നു മാക്ക്ടൈപൻ ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്. നെപ്പോളിയനെ നമുക്കേതാണ്ടറിയാം. രാജ്യഭരണത്തെ സംബന്ധിച്ചുണ്ടായ പരിവത്തനവിശേഷത്തിൻെറ ഒരു സന്താനമാണ് നെപ്പോളിയൻ. പൊതുജനങ്ങളുടെ ഒരു പരമബന്ധുവായിരുന്നു അദ്ദേഹം. അദ്ദേഹം ഏററവും അഭിമാനമേറിയ രാജാക്കന്മാരെ തൻെറ പാദങ്ങളിൽ പതിപ്പിച്ചു! ഏതു രാജകുമാരനും ഏതു ദരിദ്രനും രാജ്യഭരണനീതിപ്രകാരം ഉള്ള അധികാരം ഒപ്പമാണെന്ന് അദ്ദേഹം ലോകത്തിൽ പരത്തി. എന്നാൽ ഇൻഡ്യയിലുള്ള നമ്മൾക്ക് ഹെല്ലൻകെല്ലറെപ്പററി എന്തറിയാം? സംക്ഷിപ്തമായിട്ടെങ്കിലും അവരുടെ ജീവചരിത്രം നോക്കി അറിയുന്നതു ലോകകോപകാരകമായിത്തീരത്തക്കവിധം, അവർ അത്രയും അത്ഭുതകരങ്ങളായ കാര്യങ്ങളെ സാധിക്കുകയും, അത്രയും അനല്പംഘ്യങ്ങളായ അപകടങ്ങളോടെതിക്കുകയും വിജയപൂവ്വം ചെയ്തിട്ടുള്ളവരാണ്.

ഹെല്ലൻകെല്ലർ അൽഭമ(അമേരിക്കയിൽ)യുടെ വടക്കഭാഗത്തുള്ള ടസ്കമ്പിയാ എന്ന പ്രദേശത്തു 1880-ൽ ജുനിച്ചു. സ്വിററ്സാർലാണ്ടിൽ സ്യൂറിക്ക് എന്ന പട്ടണത്തിൽ ബധിരജനങ്ങളെ ഒന്നാമതായി പഠിപ്പിച്ചുവന്നതു കൊണ്ടു പേരെടുത്തിട്ടുള്ള ഒരാളുടെ വംശത്തിലാണ് ഇവരുടെ ജനനം. ഇവക്ക് അടുത്ത പൂവ്വികന്മാരായിരുന്ന പലരും അമേരിക്കയിൽ ഗവണ്ണന്മാരും, അതുപോലെ ഉയന്ന ഉദ്യോഗസ്ഥന്മാരും, അവരുടെ അച്ഛൻ ആർതർ എച്ച്. കെല്ലർ ഒരു പത്രാധിപരും, അമേരിക്കക്കാർ പണ്ടു സ്വാതന്ത്ര്യം കിട്ടുവാൻ വേണ്ടി ചെയ്ത മഹാസമരത്തിൽ ഒരു പട്ടാള ഉദ്യോഗസ്ഥനും ആയിരുന്നു. ഹെല്ലൻകെല്ലരുടെ അമ്മ മിസ്റ്റർ കെല്ലരുടെ രണ്ടാമത്തെ ഭായ്യയും, അദ്ദേഹത്തെക്കാൾ വളരെ പ്രായം കുറഞ്ഞവളും ആയിരുന്നു. ജനനസമയത്തു മിസ്സ് കെല്ലക്ക് കണ്ണിന്നോ ചെവിക്കോ യാതൊരു കേടും ഉണ്ടായിരുന്നില്ല. പത്തൊമ്പതാം മാസത്തിൽ അവൾക്ക് ഒരു ദീനം പിടിച്ചു കണ്ണും ചെവിയും പൊയ്പോയി. ഈ ഭയങ്കരമായ പരമാരിഷ്ടത്തോടുകൂടി അവൾ ലോകത്തെ കൂസാതെ വളന്നു; എന്നല്ല, പ്രശംസായോഗ്യമായ ഒരസാധാരണവിജയത്തെ സമ്പാദിക്കുകയും ചെയ്തു.

ആ ചെറുപ്പകാലത്തെപ്പററി അവക്കിപ്പോൾ ഓമ്മയിൽ എന്തുണ്ടെന്ന് അവർ ഒരു സന്ദഭത്തിൽ ഇങ്ങിനെ എഴുതിയിരുന്നതിൽ നിന്നറിയാം:— "പത്തൊൻപതു മാസം പ്രായമുള്ള ഞാൻ അന്നു, പിന്നീടുണ്ടായ അന്ധകാരത്താൽ തീരെ മറയ്ക്കപ്പെടുവാൻ സാധിക്കാത്തവിധം, പച്ചപ്പിലും പച്ചനിറത്തിലും ഉള്ള വയൽപ്രദേ

ശങ്ങളേയും മിന്നുന്ന ആകാശത്തേയും മരങ്ങളേയും പുഷ്പങ്ങളേയും നോക്കിക്കണ്ടിട്ടുണ്ട്.”

ഹെല്ലന്റെ മനസ്സ് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. മററുള്ളവരെ കാര്യം മനസ്സിലാക്കുന്നതിൽ അവൾക്കു ചെറുപ്പത്തിൽ ഒരു പ്രത്യേക സമ്പ്രദായം ആവശ്യമായിരുന്നു. തലയൊന്നു കുനിക്കുന്നത് 'ഉവ്വേ'ന്നുള്ളതിനും തലയൊന്നിളക്കുന്നത് 'ഇല്ലേ'ന്നുള്ളതിനും പകരമായിരുന്നു; ഒന്നുന്തിയാൽ പോകണമെന്നർത്ഥമായി; ഒന്നിങ്ങോട്ടു വലിച്ചാൽ വരണമെന്നും. ഐസ്ക്രീം എന്ന പലഹാരം വേണമെന്ന് അമ്മയെ അറിയിക്കുന്നതിന്ന്, അവർ അതുണ്ടാക്കുന്ന യന്ത്രത്തിന്റെ തിരിച്ചൽ ആംഗ്യം കാണിക്കുകയും, തണുപ്പിന്റെ ആധിക്യത്തിൽ വിറക്കുന്ന സമ്പ്രദായം കാട്ടുകയുമായിരുന്നു പതിവ്; അപ്പം നിരത്തിവെക്കുന്ന പോലെ കാണിച്ച് അപ്പം വേണമെന്നും ധരിപ്പിക്കും.

അണ്ഡത്തോട്.

ടെലിഫോൺ എന്ന യന്ത്രം കണ്ടുപിടിച്ച ഡോക്ടർ അലക്സാണ്ടർ ഗ്രഹാം ബെൽ എന്നാളുടെ അടുക്കലേക്ക് അച്ഛൻ അവളേയും കൂട്ടിക്കൊണ്ടുപോയി. വിദ്യുച്ഛക്തികൊണ്ട് അത്ഭുതകരങ്ങളായ ഇന്ദ്രജാലവിദ്യകളെ കാട്ടിയിരുന്ന ആ മഹാനെക്കൊണ്ടു, ഹെല്ലന്റെ അടുക്കലേക്കു ശബ്ദത്തേയോ വെളിച്ചത്തേയോ എത്തിക്കുവാൻ സാധിച്ചില്ല. ഏതായാലും അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ബോസ്റ്റൻ പട്ടണത്തിൽ അന്ധന്മാരെ പഠിപ്പിക്കാനുള്ള പാഠശാലയിലെ ഒരുപാദ്ധ്യായിനിയെ അവർക്കു വേണ്ടി ഏർപ്പാടു ചെയ്തു. ഇപ്പോൾ മിസ്സ് മെയ്സി ആയ മിസ്സ് ആൻ സള്ളീവൻ ആണ് ആ മാന്യസ്ത്രീ. മിസ്സ് സള്ളീവൻ കെല്ലരുടെ വീട്ടിൽ വന്നപ്പോൾ, കെല്ലക്ക് ആറു വയസ്സും എട്ടു മാസവും പ്രായമായിരിക്കുന്നു. അവൾ ആദ്യം പഠിച്ച രണ്ടു വാക്കുകൾ 'അപ്പ'മെന്നും 'കളിപ്പാവ'യെന്നുമാണ്.

(തുടരും.)

—നാലപ്പാട്ടു നാരായണമേനോൻ.

## സൂര്യൻ

കണ്ടോ കിഴക്കൻ മലതന്നിലേറി
ഉണ്ടാമത്തും വാനണി സൂര്യദേവൻ
തണ്ടാർനിരക്കുമ്പു വിടുർത്തിയിങ്ങോ-
ട്ടുണ്ടാഗമിക്കുന്നു മനോഭിരാമൻ.

നോക്കുന്നവർക്കൊക്കെയനല്പമോദം
ചേർക്കുന്ന പുത്തൻ പവനെന്നപോലെ
വാച്ചും നിറം തേടുമനന്തമാമീ
മേൽക്കെട്ടിമേൽ കാണുക ഭാനുബിംബം.

ചൂടാൻ തങ്കത്തകിട്ടുപോലെ
നാടെങ്ങുമേ തന്റെ മരീചി വീശി
വാടാതെ മാനത്തിലിരുന്നു മോദം
പാടേ തരുന്നുണ്ടു നമുക്കു സൂര്യൻ.

കഴിഞ്ഞിട്ടും പത്മിനികൾക്കു ബോധം
വഴിഞ്ഞു വന്നിതു ധരിത്രിയിങ്കൽ
ഏലവന്തിട്ടു.

എഴുന്നൊരച്ചെങ്കതിരോന്റെ പാദം
തൊഴുന്നു ഞാൻ സൌഖ്യപരമ്പരാർത്ഥം

— മൂലൂർ എസ്. പത്മനാഭപ്പണിക്കർ

## മനശ്ശാന്തി.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്താണ്? മനശ്ശാന്തിയല്ലേ? സുഖം, സുഖം എന്നു നാമെല്ലാം പറയുന്നതും ഈ മനശ്ശാന്തിയെത്തന്നെയാണ്. കൃഷിപരിഷ്കാരം കൊണ്ടും വ്യവസായഭിവൃദ്ധികൊണ്ടും രാജ്യം സമ്പൽസമൃദ്ധമായിത്തീരേണമെന്നു വെച്ചു ശ്രമിക്കുന്നതും മനശ്ശാന്തിയെ ഉദ്ദേശിച്ചു തന്നെ. നാം മാനസഭ്രമരത്തെ സാഹിത്യോദ്യാനത്തിൽ സഞ്ചരിക്കുവാൻ വിടുന്നതു ശാന്തിമകരന്ദം ആസ്വദിപ്പിക്കാനല്ലാതെ, മറ്റെന്തിനാണ്? രാജ്യഭരണപരിഷ്കാരവും മനശ്ശാന്തിക്കായിട്ടാണ്. സമുദായപരിഷ്കാരവും അതിനു തന്നെ. മതത്തിന്റെ ജീവനും മനശ്ശാന്തിയാണ്. ലോകത്തിൽ ഏതൊരു പ്രയത്നവും, ഏതൊരു പരിഷ്കാരവും, ഏതൊരുവന്റെ ജീവിതഗതിയും മനശ്ശാന്തി എന്ന ഒരു വിഷയത്തെ ലാക്കാക്കിയിരിക്കുന്നു. ദേശക്ഷേമമെന്നും, നാട്ടുകാർ നന്നാവണമെന്നും പ്രസംഗിക്കുന്നതിന്റെ താൽപര്യമെന്താണ്? ദേശമെങ്ങും ശാന്തി വിളയാടണമെന്നും, നാട്ടുകാരെല്ലാം ജീവിതക്ലേശങ്ങളിൽ മനസ്സമാധാനത്തോടുകൂടിയവരായിത്തീരേണമെന്നും തന്നെ. എന്നാൽ, ഈ മനശ്ശാന്തിക്ക് ഇത്രയധികം നൂറ്റാണ്ടുകളായി, ഇത്രയധികം മഹാശയന്മാർ ശ്രമിച്ചിട്ടും ഇനിയും അതിനു ലോകത്തിൽ നില കിട്ടീട്ടില്ല. ഉന്നതനിലയിൽ ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ച പലരുടേയും മനസ്സു ഞാൻ പരിശോധിച്ചിട്ടുണ്ട്. കുബേരോപമന്മാരായ പല പ്രഭുക്കളുടെയും ജീവിതത്തെ ഞാൻ ഉറ്റുനോക്കീട്ടുണ്ട്. പൊതുജനത്തിനായി ശ്രമിക്കുന്ന പല നേതാക്കന്മാരെയും ഞാൻ അറിയും. പ്രത്യേകമോരോരോ കലകളിൽ സുപ്രസിദ്ധി നേടിയ പലരോടും ഞാൻ പരിചയിച്ചിട്ടുണ്ട്. ഇവരെല്ലാം ഓരോ നിലയിൽ കേരളീയരുടെ അഭിനന്ദനത്തിനു പാത്രമായിട്ടുള്ളവരും സുകീർത്തിമാന്മാരും തന്നെ. എന്നാൽ, അവരുടെ മനസ്സിന്റെ നിലയോ? അത് എപ്പോഴും പര്യാകുലമായിരിക്കുന്നു. ശാന്തി അതിൽ നിഴലിക്കപോലും ചെയ്യാറില്ല. എന്തുകൊണ്ടാണിങ്ങിനെ വരുന്നത്? അവർ കീർത്തിക്കു വേണ്ടി മാത്രം യത്നിക്കുന്നവരാണ്. പരഗുണത്തിനായിട്ടാണെന്ന് അവർ പറയുന്നതെല്ലാം സ്വകീർത്തിയെ ഉദ്ദേശിച്ചു തന്നെ. സ്വന്തം മനസ്സിൽ ശാന്തിയെ ഉറപ്പിക്കുന്നതിനായിട്ടല്ലാ അവരുടെ ശ്രമം. ഓരോ മനുഷ്യനും അവനവന്റെ മനസ്സിനെ വിശുദ്ധവും വിപുലവും ശാന്തിപൂർണ്ണവുമാക്കുവാ

നാണ് എപ്പോഴും ശ്രമിക്കേണ്ടത്: അതു സിദ്ധിച്ചാൽ അവൻ പരോപകാരിയും യശസ്വിയുമായി വരും. താൻ ഒരു പരോപകാരിയാവണമെന്നും തൻെറ നാട്ടുകാരെ നന്മയിലേയ്ക്കു് ഉയൎത്തണമെന്നും മനുഷ്യൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവൻ ആദ്യമായി സ്വന്തം മനസ്സിൽ ശാന്തി തികയ്ക്കട്ടെ. ആ ശാന്തിപ്രകാരം ചുററുമുള്ള മനുഷ്യരുടെ മനസ്സിൽനിന്ന് അന്ധകാരത്തെ നീക്കിക്കൊള്ളും. അവരെല്ലാം അവനെ സ്തുതിക്കയും, അപ്പോഴവൻ കീൎത്തിമാനായി വരികയും ചെയ്യും. മനുഷ്യമനസ്സുകളെല്ലാം ഒന്നിനൊന്നു സംബന്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഒരുമനസ്സിൻെറ ശുദ്ധിയും അശുദ്ധിയും മററു മനസ്സുകളിലും ഏറക്കുറെ പകരുന്നുണ്ട്. ഒരുവൻ സ്വന്തം മനസ്സിനെ എത്രത്തോളം വിശുദ്ധമാക്കുന്നുവോ, അത്രത്തോളം അന്യമനസ്സുകളിലും പ്രകാശം ചേരും. തന്നെത്താൻ നന്നാകുക. മനുഷ്യരിൽ ഓരോരുത്തനും അതൊന്നു മാത്രം ചെയ്താൽ മതി; അതിൽത്തന്നെയാണ് പരോപകാരം മുഴുവൻ. അതിൽത്തന്നെയാണ് നിറഞ്ഞ കീൎത്തി. മഹാന്മാരുടെ ജീവിതഗതി നാം പരിശോധിച്ചാൽ ഈ രഹസ്യം വെളിവായിക്കാണാം. അവരെല്ലാം ആരുമേതുമറിയാതെയായിരിക്കും ജനിച്ചു വളൎന്നത്. പെട്ടന്ന് അവർ സൎവ്വോത്തമമായ പദത്തിലേയ്ക്കു് ഉയരുന്നതു കണ്ടു മററുള്ളവർ അത്ഭുതപ്പെടുന്നു. അവരെക്കാൾ ഉയൎന്ന നിലയിൽ ജീവിക്കുന്നവരും അവരെക്കാൾ അധികം ബുദ്ധിശക്തിയുള്ളവരും വേറെ പലരുമുണ്ടാവാം. ഇവർ വളരെക്കാലം കൊതിച്ചിട്ടും എത്താത്തതായ ആ അവസ്ഥയിൽ ആ മഹാന്മാർ പെട്ടെന്നു കയറിച്ചെല്ലുന്നു. ഇതിനു കാരണം? വാസ്തവത്തിൽ, അവർ അവരുടെ മനസ്സിനെ ശാന്തിപൂൎണ്ണമാക്കുവാനായി വളരെ കാലം ശ്രമിച്ചിട്ടുണ്ട്. ഇതു പുറമേ ആൎക്കും അറിവാൻ തരമില്ല. അവൎക്കുള്ള മനഃപ്രകാശം മററുള്ളവരുടെ മനസ്സിലെ അന്ധകാരത്തെ നീക്കിക്കൊണ്ടു വരുന്നതും പുറമേ ആരും അറിയുന്നില്ല. ഈ മഹാന്മാരുടെ മനസ്സു വികസിച്ചു മററു പലരുടേയും മനസ്സിൽ പരന്നു തുടങ്ങുന്നു. ഇങ്ങിനെ, ഒരു ദേശം മുഴുവനുമോ ഒരു സമുദായമോട്ടുക്കോ, ഒരു രാജ്യം ആകമാനമോ വ്യാപിച്ചു കഴിഞ്ഞാൽ പെട്ടന്നവ പ്രത്യക്ഷപ്പെടുകയായി. അപ്പോൾ മാത്രമേ ആ മഹാന്മാരുടെ അത്യുൽകൃഷ്ടസ്ഥിതിയെ മററുള്ളവർ കാണുകയുള്ളു.

ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും അവിടത്തെ കാരണവർ ഓരോ നിലം ശരിക്കു ഭാഗിച്ചു കൊടുത്തു. ചിലർ പരിഷ്കാരത്തിനൊന്നും പുറപ്പെടാതെ പഴയപടി തന്നെ അവരുടെ നിലത്തു കൃഷി ചെയ്യാൻ തുടങ്ങി. കാലഗതിക്കനുസരിച്ചു, നിലത്തിൽ നിന്നു, ചിലപ്പോൾ അധികം ചേതം വന്നും, ചിലപ്പോൾ അധികം ലാഭമുണ്ടായും— സുഖിച്ചും ദുഃഖിച്ചുംകൊണ്ട് അവർ അങ്ങിനെ കഴിയുന്നു. വേറെ ചിലർ പ്രയത്നോന്മുഖന്മാരാണ്. എന്നാൽ, തങ്ങളാണ് മിടുക്കന്മാരെന്നും, മററു സഹോദരന്മാൎക്കു ക്ഷേമമുണ്ടാവാനാണ് തങ്ങളുടെ ശ്രമമെന്നും അവർ അഭിമാനിക്കുന്നു. കൃഷിപരിഷ്കാരത്തെപ്പററി കേമമായി അവർ പ്രസംഗി

ക്കുന്നു. പക്ഷെ, അവൎക്ക് ഊന്നിനും ഉടുപ്പിനും വക വേണ്ടിവരുമ്പോൾ അവരുടെ നിലത്തിൽ ഓരോ ഭാഗമായി അവർ വിറ്റുകളകയാണ് ചെയ്യുന്നത്. മററു ചിലരാവട്ടെ, അവരുടെ നിലത്തിൽ വെള്ളം സുലഭമായി കിട്ടുന്നതിന് ആദ്യമായിത്തന്നെ ഏൎപ്പാടു ചെയ്തു, വേണ്ടും വണ്ണം ഉഴുതു, ശരിയായി വളം ചേൎത്തു, നല്ല വിത്തുകൾ വിതച്ചു കൃഷി ചെയ്യുന്നു. എപ്പോഴും അവർ ലാഭം നേടുകയും ചെയ്യുന്നു. ഇവരുടെ നിലത്തിൽ വിളയുന്ന നിൎദ്ദോഷങ്ങളായ ധാന്യങ്ങൾ മററുള്ളവർ വാങ്ങി കൃഷിചെയ്യുന്നതിനാൽ അവൎക്കും നല്ല ലാഭം കിട്ടിത്തുടങ്ങുന്നു. ഇവരുടെ നിലത്തിൽ ചേരുന്ന വെള്ളവും വളവും ഊറന്നു ചേൎന്നു ചുററുമുള്ള നിലങ്ങളിലും ധാരാളം വിളവുണ്ടാകുന്നു. ഇങ്ങിനെ ഇവർ നിമിത്തം, ക്രമത്തിൽ, ആ ദേശമൊട്ടുക്കു കൃഷിക്ക് അഭിവൃദ്ധിയുണ്ടായി വരുന്നു. ഈ വിധമാണ് മനുഷ്യമനസ്സിന്റെയും കഥ. മനസ്സിനെ അതിന്റെ പോക്കിൽത്തന്നെ വിട്ടുവിടുന്നവർ എന്നും സുഖദുഃഖങ്ങളിൽ കിടന്നു മറിഞ്ഞുകൊണ്ടിരിക്കും. തന്റെ മനസ്സിനെ നന്നാക്കാതെ, അന്യരെ നന്നാക്കുവാനാണെന്ന ഭാവത്തിൽ നടക്കുന്നവൻ, തൽക്കാലം മററുള്ളവരുടെ നോട്ടത്തിനു വിഷയമാകുമെങ്കിലും, ക്രമത്തിൽ അവൻ നശിച്ചുപോകതന്നെ ചെയ്യും. ബഹളമൊട്ടും കൂടാതെ അടങ്ങിയിരുന്നു തന്നെത്താൻ നന്നാകുവാൻ ശ്രമിക്കുന്നവനാവട്ടെ, നല്ല നിലയിലേക്കു് ഉയരുകയും അവൻ നിമിത്തം മററുള്ളവൎക്ക് ഉയൎച്ചയുണ്ടാകയും ചെയ്യുന്നു. മനശ്ശാന്തി കൈക്കൊള്ളുക. അതിനായി തീവ്രപ്രയത്നം ചെയ്യുക. അതിലാണ് മഹത്വം. അതാണ് യശഃകാരണം.

കൊച്ചി.

— കുന്നത്ത് ജനാൎദ്ദനമേനോൻ.

## "അന്യനായർ."

(ഒരു നിരൂപണം.)

"ഫലിതോക്തികൾ പറഞ്ഞും എഴുതിയും ശ്രോതാക്കളെയും വായനക്കാരെയും രസിപ്പിക്കാനോ ചിരിപ്പിക്കാനോ ഉള്ള സാമൎത്ഥ്യം എനിക്കു പ്രദാനം ചെയ്യാൻ, എന്നെ സൃഷ്ടിച്ച ബ്രഹ്മാവു തീരെ മറന്നുപോയി. അതിന്നു പകരം, ആ ഗുണം മിസ്റ്റർ മൂക്കോത്തു് കുമാരന്നു 'വാരിക്കോരി' കൊടുത്തിട്ടുണ്ട്" എന്ന് ഒരവസരത്തിൽ, പരേതനായ ശ്രീമാൻ കെ. രാമകൃഷ്ണപിള്ള, ബി. ഏ. അവർകൾ എന്നോടു പറഞ്ഞതിൽ യാതൊരു അതിശയോക്തിയും ഇല്ലെന്ന്, "അന്യനായർ" വായിച്ചപ്പോഴാണ് എനിക്കു പൂൎണ്ണബോധം വന്നത്. അതിലെ ഓരോ വാചകത്തിലും മിസ്റ്റർ കുമാരന്നു ജന്മസിദ്ധമായ രസികത്വം തെളിഞ്ഞു വിളങ്ങിക്കാണുന്നു

ണ്ടെന്ന് ഒന്നാമതായി തന്നെ പറഞ്ഞുകൊള്ളട്ടെ.

ചിറക്കൽ രാമവർമ്മ ഇളയരാജാവവർകളുടെ പ്രശംസാപത്രമാകുന്ന ഒരു 'നെററിപ്പട്ട'ത്തോടുകൂടെയാണ് 'അമ്പുനായർ' സാഹിത്യരംഗത്തിൽ കയറീട്ടുള്ളതെങ്കിലും, അതുനിമിത്തം 'അമ്പുനായർ'ക്ക് ഒരു 'മോടി' കൂടീട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്.

സംസ്കൃതപദപ്രയോഗബാഹുല്യത്താൽ വളരെ ദുർഗ്ഗമായ അവതാരികയിൽ ഇളയ രാജാവവർകൾ ഇപ്രകാരം സമർത്ഥിച്ചിരിക്കുന്നു:— "പ്രശസ്തങ്ങളായ ശാസ്ത്രപുസ്തകങ്ങളെക്കാൾ, ചേതസ്സമാകർഷകങ്ങളായ ഇത്തരം കഥാപുസ്തകങ്ങൾക്കാണ്, ഇക്കാലങ്ങളിൽ കേരളത്തിലെ സമുദായനേതാക്കളെ ഉണർത്തുവാനും ജനങ്ങൾക്കു തങ്ങൾ അറിയാതെതന്നെ അറിവു വർദ്ധിപ്പിക്കുന്നതിലേക്കു വഴി തിരിക്കുവാനും എളുപ്പത്തിൽ സാധിക്കുക എന്നുള്ളതിന്നു സന്ദേഹമില്ല." ഈ അഭിപ്രായം ശരിയാണെങ്കിൽ, കേരളീയക്കു ശോഭനമായ ഒരു ഭാവി ഉണ്ടാകുമോ എന്നു സംശയിക്കേണ്ടിവരും. കൈരളിക്ക് ഇന്ന് അധികം ആവിശ്യമുള്ളത് "ഇത്തരം കഥാപുസ്തകങ്ങളല്ല; പ്രശസ്തങ്ങളായ ശാസ്ത്രപുസ്തകങ്ങൾ" തന്നെയാണ്. എന്നാൽ മാത്രമെ ജനങ്ങളുടെ "അറിവു" അവർ "അറിയാതെ തന്നെ" വർദ്ധിക്കയുള്ളു എന്നാണ് എൻെറ താഴ്മയുള്ള അഭിപ്രായം. പാശ്ചാത്യപ്രകൃതിശാസ്ത്രസംബന്ധമായും അന്തഃകരണശാസ്ത്രസംബന്ധമായും വൈദ്യശാസ്ത്രസംബന്ധമായും ശരീരശാസ്ത്രസംബന്ധമായും ആരോഗ്യശാസ്ത്രസംബന്ധമായും ഉള്ള അമൂല്യഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി, മലയാളഭാഷാപുസ്തകങ്ങൾ "തുടരെത്തുടരെ പുതുമയോടുകൂടി പുറത്തിറങ്ങിപ്പുറ"പ്പെടുകയാണ് ഇക്കാലത്തു വേണ്ടത് എന്നതിന്നു സന്ദേഹമില്ല. 'അമ്പുനായ'രെപ്പോലെയുള്ള സരസങ്ങളായ കഥാപുസ്തകങ്ങൾ വേണ്ടെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്; മിസ്റ്റർ കുമാരനെപ്പോലെയുള്ള ഗദ്യകാരന്മാർ അവ എത്രയെങ്കിലും എഴുതിത്തള്ളിവിടട്ടെ. കഥാപുസ്തകങ്ങളെക്കൊണ്ടുള്ളതിനെക്കാൾ അധികം ഗുണം ശാസ്ത്രപുസ്തകങ്ങളെക്കൊണ്ടാണ് എന്നേ ഞാൻ പറയുന്നുള്ളു.

'അമ്പുനായർ' മലയാളത്തിലെ ഇന്നത്തെ ഒരു സമുദായചിത്രമാണ്; എത്രയും തന്മയത്വമുള്ള ഒരു സമുദായചിത്രമാണ്. സമുദായകഥയെഴുത്തുകാരുടെ ഉദ്ദേശ്യം, സമുദായത്തിലുള്ള കേടുപാടുകളെ ചികഞ്ഞുപിടിച്ചു കഥാരൂപമായി പ്രദർശിപ്പിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ ചിലതൊക്കെ തുറന്നു പറയേണ്ടിവരും. ചില പാത്രങ്ങൾ തങ്ങളാണെന്നു ചിലക്കു തോന്നാം. എന്നാൽ അതു കഥയുടെ തന്മയത്വത്തെ വിളിച്ചു പറയുന്നതേ ഉള്ളു. 'അമ്പുനായരി'ലും 'അമ്പു' കൊള്ളുന്നവർ ഉണ്ടായിരിക്കാം.

"ഇംഗ്ലീഷിലുള്ള ഒരു ചെറുകഥയുടെ ബീജത്തെ അടിസ്ഥാനമാക്കി എഴുതിയതാണിത്" എന്നു ഗ്രന്ഥകർത്താവു തൻെറ മുഖവുരയുടെ തുടക്കത്തിൽതന്നെ ഏററുപറയുന്നു. എന്നാൽ പ്രസ്തുത പുസ്തകം വായിച്ചു നോക്കുന്നതായാൽ അങ്ങനെയുള്ള അടിസ്ഥാനമാക്കലിൻെറ യാ

തൊരു ‘ചുവ’യും ഒരിടത്തും ഭൂതക്കണ്ണാടി വച്ചു നോക്കിയാൽകൂടി കാണ്മാൻ സാധിക്കുന്നതല്ലെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. അതിൽനിന്നു, ഗ്രന്ഥകൎത്താവിന്റെ കല്പനാശക്തിയും, നാലുപാടും നടന്നുകൊണ്ടിരിക്കുന്ന സമുദായകാൎയ്യങ്ങളെ ഉററുനോക്കുവാനുള്ള വാസനാബലവും ധാരാളം വെളിവാകുന്നുണ്ട്. “ഭാസ്കരമേനോൻ” എന്ന പ്രസിദ്ധപുസ്തകത്തിൽ, കേരളത്തിലെ ചില പോലിസ്സുദ്യോഗസ്ഥന്മാർ ഒരു കേസ്സ് തുമ്പുണ്ടാക്കുവാൻ വേണ്ടി, സമൻസ്സ് ‘ലേബററട്ടറി’യിലേയ്ക്കു പോയി ചില ഇംഗ്ലീഷുമരുന്നുകൾ നാളങ്ങളിലും മററും പകൎന്നു പരിശോധിച്ചു നോക്കുന്നതായും ‘വിരുതൻശങ്കു’വിൽ, ക്ഷയരോഗം പിടിപെട്ട ശങ്കുവിനെ, രോഗം പകരുന്നതു ഭയപ്പെട്ട്, അവന്റെ കുടുംബക്കാർ വീട്ടിൽനിന്നു ബഹിഷ്കരിച്ചു, കുറെ അകലെ പ്രത്യേകം ഒരു തമ്പിൽ പാൎപ്പിച്ചതായും വിവരിച്ചിരിക്കുന്നു. നമ്മുടെ പോലിസ്സുദ്യോഗസ്ഥന്മാൎക്ക് അവക പരിശോധനകൾ ഒന്നും നടത്തുവാൻ അറിവില്ലെന്നും ഉണ്ടെങ്കിൽ തന്നെ അങ്ങനെ ചെയ്യുന്നത് ഇവിടെ നടപ്പില്ലെന്നും, ക്ഷയരോഗിയെ, കേരളീയർ, വസൂരിരോഗിയെപ്പോലെ ഭയപ്പെട്ട പ്രത്യേകം പാൎപ്പിക്കനടപ്പില്ലെന്നും ഇന്നുള്ള നമുക്കൊക്കെ അറിയാമെങ്കിലും, ഇനി വരാൻപോകുന്ന തലമുറകൾ പ്രസ്തുത പുസ്തകങ്ങൾ വായിക്കുമ്പോൾ, ‘അവ എഴുതിയകാലത്ത് അങ്ങനെ നടപ്പുണ്ടായിരിക്കും’ എന്നു വിശ്വസിച്ചുപോകും.

അതുകൊണ്ടു, പാശ്ചാത്യരാജ്യങ്ങളിൽ നടന്നതായി, പാശ്ചാത്യഗ്രന്ഥകാരന്മാർ എഴുതിയ പുസ്തകങ്ങളെ അടിസ്ഥാനമാക്കി, മലയാളഭാഷയിൽ കഥകൾ നിൎമ്മിക്കുമ്പോൾ, തൽകൎത്താക്കന്മാർ, കേരളത്തിന്നു യോജിക്കുന്ന സമ്പ്രദായങ്ങളും നടവടികളും വൎണ്ണനകളും മാത്രം ഉപയോഗിക്കാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

മിസ്റ്റർ കുമാരന്ന് ഇതിലുള്ള സാമൎത്ഥ്യം എത്രയാണെന്ന് അറിയേണമെങ്കിൽ, ‘അമ്പുനായർ’ക്ക് അടിസ്ഥാനമാക്കപ്പെട്ട ഇംഗ്ലീഷുപുസ്തകം വായിച്ചു നോക്കിയാൽ മതി. മേറി കോർലിയുടെ ‘A Social Incident’ എന്ന ചെറുപുസ്തകമാണ് അത് എന്നാണ് എനിക്കു തോന്നീട്ടുള്ളത്.

പണം ഉണ്ടെങ്കിൽ ഒരു മനുഷ്യന്നുള്ള ബഹുമാനവും കീൎത്തിയും എത്രയാണ്? ഇക്കാലത്തു പണത്തെയാണ് സൎവ്വരും പൂജിക്കുന്നത്. നോക്കു! ദരിദ്രനായ അമ്പുനായൎക്ക് ഒരു ലക്ഷം ഉറുപ്പികയുടെ ഒരു ഭാഗ്യക്കുറി കിട്ടിയപ്പോഴേയ്ക്കു അദ്ദേഹത്തെ ബഹുമാനിക്കാൻ ആളെത്ര! ചാൎച്ചക്കാർ എത്ര! സ്നേഹിതന്മാർ എത്ര!! പണ്ടു കണ്ടാൽ മിണ്ടാത്തവർ ഒക്കെ യജമാനൻ എന്നു വിളിച്ചു വായും പൊത്തി നില്ക്കുന്നു. ഇംഗ്ലീഷറിഞ്ഞുകൂടാത്ത അമ്പുനായർ, ഷോടതി കിട്ടിയ വിവരത്തിന്നുള്ള കമ്പി വായിക്കാനായി, സമീപസ്ഥനായ പ്രസിദ്ധപ്പെട്ട ഹൈക്കോർട്ട് വക്കീൽ ശേഖരൻനമ്പ്യാരുടെ വീട്ടിലാണ് ചെന്നത്. വക്കീലുണ്ടോ, ഇങ്ങനെ ഒരാൾ വന്നിരിക്കുന്നുവെന്നു കണ്ട ഭാവം നടിക്കുന്നു! അമ്പുനായർ ഭയഭക്തിയോടെ വിവരം ഉണൎത്തിച്ചപ്പോൾ, ശേഖരൻനമ്പ്യാർ, തന്റെ മകളായ കാമാക്ഷിയെ വിളിച്ചു കമ്പി വായിച്ചുകൊടുക്കാൻ പറഞ്ഞു. കമ്പിയിലെ

വിവരം അറിഞ്ഞപ്പോൾ, പിന്നെ ഇരിക്കാൻ പറയലും സൽക്കരിക്കലും തകൃതി· നോക്കു! പണത്തിൻെറ ശക്തി! അതുവരെ മിണ്ടാത്ത ശേഖരൻനമ്പ്യാരുടെ പിന്നത്തെ സൽക്കാരത്തിന്നു കയ്യും കണക്കുമില്ല. ശേഖരൻനമ്പ്യാരുടെ ചിത്രത്തിൽ അതിശയോക്തി ഉപയോഗിക്കാൻ എത്ര ശ്രമിച്ചിട്ടും ഗ്രന്ഥകർത്താവിന്നു സാധിച്ചിട്ടില്ലെന്നാണ് പറയുന്നത്. സർവ്വകലാശാലാബിരുദധാരികളായതുകൊണ്ടും ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചതുകൊണ്ടും മാത്രം ഒരാൾ സദാചാരപരതയുള്ളവനായി തീരുകയില്ലെന്നു മാത്രമല്ല, എത്രയും നീചകൃത്യം ചെയ്യാൻപോലും വിദ്യാഭ്യാസം ഒരു പ്രതിബന്ധമായി തീരുകയില്ലെന്നുകൂടി വക്കീൽ ശേഖരൻനമ്പ്യാർ തെളിയിക്കുന്നു. മാന്യനായി സർവ്വരും കരുതിവന്ന ആളും വലിയ പദവിയിലിരിക്കുന്ന ആളും ആയ ശേഖരൻനമ്പ്യാർ എതിർഭാഗം കക്ഷിയോടു കൈക്കൂലി വാങ്ങി സ്വന്തകക്ഷിക്കു ദോഷം വരുത്തുന്ന ഒരു ഘാതകനാണ്. ഇദ്ദേഹം ഒടുക്കം അപ്പുനായരെ പറഞ്ഞു പററിച്ചു ഗവർണ്ണർക്ക് ഒരു വിരുന്നുകൊടുപ്പിച്ച്, അതു തൻെറ വകയാണെന്നു വരുത്തിക്കൂട്ടി. അതിൻെറ ഫലമായി റാവുബഹദൂർ എന്ന സ്ഥാനവും സമ്പാദിച്ചു. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച യോഗ്യന്മാരായി തെളിയുന്ന മിക്ക കേരളീയസമുദായാംഗങ്ങളുടെയും ഹൃദയഗുണം ശേഖരൻനമ്പ്യാരുടേതിനോളം മാത്രമേ ഉള്ളു എന്നാണ് ഗ്രന്ഥകർത്താവ് എത്രയും ഫലിതമായ വിധത്തിൽ കാണിച്ചിട്ടുള്ളത്.

ഇനി കാമാക്ഷിയുടെ ചിത്രം കാണുമ്പോൾ ആരാണ് പരിഭ്രമിച്ചു, തളർന്നു ബോധക്കേടായി വീണുപോകാത്തത്! 18 വയസ്സു പ്രായമുള്ള കാമാക്ഷിക്ക്, 55 വയസ്സു പ്രായംചെന്ന അപ്പുനായരോടു പ്രേമം ജനിക്കുന്നു. എപ്പൊൾ? പാടക്കാര എജമാനൻ ആയപ്പോൾ? അങ്ങനെ അവൾ ഒരു കാമലേഖനം എഴുതി അപ്പുനായർക്ക് അയയ്ക്കുന്നു. അപ്പുനായരാവട്ടെ, പരിഭ്രമിക്കാതെ, അതു സാവധാനത്തിൽ വായിച്ചു, യാതൊരു കുലുക്കവും ഉണ്ടാകാതെ, സാരഗർഭമായ ഒരു മറുപടി എഴുതി അയയ്ക്കുന്നു. കാമാക്ഷിയുടെ കത്തും അതോന്നിച്ചു മടക്കി അയയ്ക്കുന്നു. കാമാക്ഷി ഇളിഭ്യയായി തല താഴ്ത്തുന്നു.

ഗ്രന്ഥകർത്താവു മുഖവുരയിൽ പറയുംപ്രകാരം, കേരളത്തിൽ കുറച്ചുകാലമായി വളർന്നുകൊണ്ടു വരുന്ന ഒരു വിഷച്ചെടിയാണ് കാമാക്ഷി. അതുകൊണ്ടു ആ ചെടി മുളയിൽത്തന്നെ നുള്ളിക്കളവാൻ സമുദായനേതാക്കന്മാർ ശ്രമിക്കേണ്ടതാണ്. അനേകം കാമാക്ഷിമാരെ എല്ലാ ജാതിക്കാരുടെ ഇടയിലും കാണാം. ഇതിന്നുള്ള കാരണം അവർക്ക് പാശ്ചാത്യവിദ്യാഭ്യാസം കൊടുക്കുന്നതാണെന്നു പറവാൻ ഞാൻ ഒരുങ്ങുന്നില്ല. പാശ്ചാത്യവിദ്യാഭ്യാസം ഇക്കാലത്തു നമ്മുടെ പെൺകിടാങ്ങൾക്കു തീർച്ചയായും വേണ്ടതാണ്. എന്നാൽ പാശ്ചാത്യസമ്പ്രദായപ്രകാരമുള്ള സ്വാതന്ത്ര്യം അവർക്ക് ഒരിക്കലും കൊടുക്കരുത്. സ്ത്രീകൾ എപ്പൊഴും 'അച്ചടക്ക'ത്തോടും പുരുഷന്മാരുടെ ചൊല്പടിക്കു കീഴിലും വളരേണം. സദാചാരബോധത്തെ മലിനമാക്കുന്ന യാതൊരു നോവലുകളും വായിക്കാൻ അവരെ അനുവദിക്കരുത്. എന്നാൽ കാമാക്ഷിമാർ കുറയുന്നു

തായിരിക്കുമെന്നു തോന്നുന്നു.

പരിഹസിക്കുവാൻ മിസ്റ്റർ കുമാരന്നുള്ള സാമർത്ഥ്യം ഒന്നു വേറെ തന്നെയാണ്. ഒരു നമ്പൂതിരിയുടെ മേൽവിലാസമാണിത്: "പ്രസിദ്ധജന്മിയും ഡിസ്ട്രിക്ട് ബോർഡ് മെമ്പറും പുല്ലാഞ്ചേരി എലിമണ്ടറിസ്കൂൾ ഉടമസ്ഥനും ആയ ബ്രഹ്മശ്രീ വേങ്കര ഇല്ലത്തു ശ്രീധരൻ നമ്പൂതിരി തിരുമനസ്സിലേക്ക്." മേൽവിലാസം ഇങ്ങനെ "എഴുതിയാൽ" പോരാ. അച്ചടിക്കണം എന്നു നിർബ്ബന്ധമുണ്ട്. ഒരിക്കൽ അച്ചടി തീർന്നുപോയതിനാൽ, കൈയ്യെഴുത്തു മേൽവിലാസത്തിൽ ഒരു പത്രം കൊണ്ടുവന്നു കൊടുത്തതിനാൽ ഒന്നും അറിയാത്ത ശിപായിയെ നമ്പൂതിരി വളരെ ശകാരിക്കയും കാണപ്പെട കൊടുക്കരുതെന്നു കാര്യസ്ഥന്മാരെ പറഞ്ഞേല്പിക്കയും പത്രം മടക്കി അയയ്ക്കയും ചെയ്തുപോൽ! ഇങ്ങനെ ഉണ്ടോ ഒരാളെ പരിഹസിക്കൽ! അതുമാത്രമോ? മേൽവിലാസം മാത്രമേ നമ്പൂതിരി വായിക്കാറുള്ളൂ. ആ അച്ചടിമേൽവിലാസം എല്ലാം മുറിച്ചെടുത്തു 'ഭാര്യ' കല്യാണിക്കുട്ടിക്കു അയച്ചുകൊടുത്തു കൃതാർത്ഥനാകുകയും ചെയ്യുന്നു! നമ്പൂതിരിമാരെ ചന്തുമേനവനും ധാരാളം പരിഹസിച്ചിട്ടുണ്ടല്ലോ.

56-ാം ഭാഗത്ത് അല്പം ഒരു അസാംഗത്യം കാണുന്നു. ഗവർണ്ണർക്കു വിരുന്നുകൊടുക്കുന്നതിന്റെ തലെദിവസം, "വക്കീൽ ശേഖരൻനമ്പ്യാരുടെ വകയായി സിവ്വിൽ ബങ്കളാവിൽ വെച്ചു രാത്രി ഏഴുമണി മുതൽ ഒമ്പതുമണി വരെ ഗവർണ്ണർക്കു തീൻ" എന്നു അമ്പുനായർ പത്രത്തിൽ വായിച്ചു. വക്കീൽ തന്നെ തോല്പിച്ചു എന്നു ധർമ്മടം, മനസ്സിലായി, സർവ്വരേയും സംഹരിച്ചുകളയുമോ എന്നു തോന്നുമാറു കോപാന്ധനായി പല്ലുകടിച്ചു, അമ്പുനായർ വക്കീലന്മാരും മറ്റും ഇരുന്നു വെടിപറയുന്ന തന്റെ തോട്ടത്തിലേയ്ക്കു കടന്നുചെല്ലുന്നു. അപ്പോൾ ശേഖരൻനമ്പ്യാർ തന്നെ ദുഷിച്ചുപറയുന്നതു സ്വന്തം ചെവികൊണ്ടു കേൾക്കുന്നു. തൽക്കാലം ഉണ്ടായ കോപം അത്യുഗ്രമായി ഭവിക്കുന്നു. സർവ്വരേയും ശകാരവർഷംകൊണ്ടു കുളിപ്പിക്കുന്നു: പെട്ടെന്നു സ്നേഹിതനായ നാരായണമേനോൻ വന്നു തൽക്കാലം ക്ഷമിക്കണം എന്നു പറയുമ്പോഴേക്കു "നിങ്ങൾ അങ്ങനെയാണ് പറയുന്നതെങ്കിൽ, ഞാൻ അനുവദിക്കാം" എന്ന് അമ്പുനായർ പറഞ്ഞതു മനുഷ്യസ്വഭാവമാണെന്നു തോന്നുന്നില്ല. മതിയായ കാരണത്താൽ ദ്വേഷം പിടിച്ചു, നാഡികളിൽ രക്തം തിളച്ചുകയറിയ ഒരാൾ ഇത്ര പെട്ടെന്നു ശാന്തനായി തീരുമോ? അമ്പുനായർ കുറെ മനക്കരുത്തുള്ള ആളാണെന്നല്ലേ കണ്ടത്?

മിസ്റ്റർ കുമാരന്റെ ഭാഷയായതുകൊണ്ട് അതിനെപ്പററി യാതൊന്നും പറയേണ്ടതില്ല. അധികം സംസ്കൃതപദങ്ങൾ ഉപയോഗിക്കാഞ്ഞിട്ടും ധാരാളം വാചകപുഷ്ടിയോടെ ഇത്ര ലളിതമധുരമായ വിധത്തിൽ എഴുതി ഫലിപ്പിക്കുവാൻ സാധിക്കുന്ന ഗദ്യകാരന്മാർ കേരളീയരുടെ ഇടയിൽ നന്നെ ചുരുങ്ങും. പുസ്തകത്തിന്റെ കെട്ടും മട്ടും അച്ചടിയും കടലാസ്സും വളരെ കേമമായിരിക്കുന്നു. പ്രകൃത്യാ കോമളനായ ഗ്രന്ഥകർത്താവിന്റെ ഛായാപടത്തിന്നു പ്രത്യേകം ഒരു രാമണീയകം ഉള്ളപ്രകാരവും തോന്നുന്നു.

— വി. കുഞ്ഞിക്കണ്ണൻ.

# സൃഷ്ടിവൈചിത്ര്യം.

ജാതികുലവ്യത്യാസമനുസരിച്ചു. മനുഷ്യൎക്കു ദേഹത്തിലുണ്ടാവുന്ന രോമത്തിനും ഏററക്കുറച്ചിലും അസ്വാഭാവികതയും വരാമെന്ന് ഒരു യോഗ്യൻ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ചിലൎക്കു നെഞ്ഞത്ത് ഒരൊററ രോമം പോലും കണ്ടുകാണാനുണ്ടാവില്ല. നേരെമറിച്ചു മററുചിലരുടെ നെഞ്ഞത്തോ, ഒരു പേനോ മറേറാ കടന്നുകൂടിയാൽ ചുരുക്കത്തിൽ ഒരു നായാട്ടിനു വട്ടംകൂട്ടണം! ഇത്തരക്കാരായ ചില മനുഷ്യരെ നാമൊക്കെ കണ്ടിട്ടുണ്ടല്ലോ. എന്നാൽ ഏഷ്യാഭൂഖണ്ഡത്തിന്റെ വടക്കുഭാഗത്തുള്ള ചില മനുഷ്യൎക്കു രോമം കുറെ കഷ്ടിപിഷ്ടിയാണ് പോലും! തലയിൽ നാലു രോമം തികച്ചുണ്ടായാൽ ഭാഗ്യം. മൊട്ടക്കുന്നത്തു കരിഞ്ഞ പുല്ലുപോലെ, തലയിൽ അങ്ങുമിങ്ങുമായി നില്ക്കുന്ന ഈ രോമങ്ങൾ, എത്ര കാലം ചെന്നാലും രണ്ടിഞ്ചിൽ അധികം നീളുകയുമില്ല. മോങ്ങോൾജാതിക്കാർ എന്നപേരിൽ അറിയപ്പെടുന്ന ഇക്കൂട്ടർ രോമത്തിന്റെ കാൎയ്യത്തിൽ നിൎദ്ധനന്മാരാണെങ്കിൽ, ജപ്പാനിലെ കുറില്യൻ എന്ന ജാതിക്കാർ ലക്ഷപ്രഭുക്കളാണ്. രോമപ്പടപ്പുകൊണ്ട് അവരുടെ ദേഹവൎണ്ണമെന്താണെന്നു പോലും അറിയാൻ വയ്യ! രോമകൃഷിക്കു പിടിച്ചുൽ ദേഹമാണവരുടേത്. ഒന്നു രണ്ടു കോൽ നീളത്തിലുള്ള അവരുടെ താടിമീശ കാററത്തു പറക്കുന്നതു കാണുന്നത്, അവൎക്കൊരഭിമാനമാണ്. കഴുത്തിലും, കയ്യിന്മേലും, പുറത്തും കാടുപിടിച്ചു നില്ക്കുന്ന രോമം ഒരൊന്നാന്തരം പുതപ്പുതന്നെ! തണുപ്പെന്തെന്ന് അവരെ മനസ്സിലാക്കണമെങ്കിൽ, നമ്മളൊക്കെ ഒന്നരമണിക്കൂർ നേരം അവരോടു പ്രസംഗിക്കേണ്ടിവരും. എണ്ണത്തിൽ പത്തു പന്തീരായിരത്തോളം വരുന്ന ഈ മനുഷ്യർ ഒരുവക കാട്ടുജാതിക്കാരാണ് പോൽ.

ബൎമ്മയിൽ ആവാരാജ്യത്തു പാൎക്കുന്ന ഒരു കുടുംബത്തിന്റെ കഥയാണ് ഇതിലേറെ രസകരം. മിസ്റ്റർ ക്രാഫോർഡ് എന്ന മഹാൻ ഇവരുടെ ചരിത്രം അറിയാനും കാണാനും വേണ്ടി ആ രാജ്യത്തു ചെന്നിരുന്നു. അദ്ദേഹം ഇവരെപ്പററി എഴുതിയത് അങ്ങിനെതന്നെ പകൎത്തിച്ചേൎക്കാം:—“ 1826-ൽ ആണ് ഞങ്ങൾ ആവയിൽ എത്തിയത്. അവിടുത്തെ ചക്രവൎത്തിയുടെ അനുമതിയോടുകൂടി, അത്യത്ഭുതകരമായ ആ കുടുംബത്തെ ഞങ്ങൾ പോയികണ്ടു. കാരണവരെ കണ്ടപ്പോൾ, ആദ്യം അതൊരു കരടിയായിരിക്കുമോ എന്നു ഞങ്ങൾ അന്ധാളിച്ചു. അയാളിൽനിന്ന് ആ കുടുംബത്തെപ്പററിയ പല വിവരങ്ങളും ഞങ്ങൾക്കറിവാൻ ഇടയായി. വളരെ തലമുറകൾക്കു മുമ്പു തുടങ്ങിത്തന്നെ ആ വീട്ടിലുള്ളവരുടെ ദേ

ഹപ്രകൃതി ഇങ്ങിനതന്നെയാണെന്ന് അയാൾ പറഞ്ഞു. അന്നയാൾക്കു മുപ്പതു വയസ്സു പ്രായമുണ്ട്. ഷ്യൂമോൺ എന്നാണ് പേര്. ഇയ്യാൾ ആ നാട്ടുകാരനായിരുന്നില്ല. ഒരു നാട്ടു പ്രമാണി ഇയാളെ പിടിച്ചു കൊണ്ടുവന്നു രാജാവിനു കാഴ്ചവെച്ചതാണ്. ഇയ്യാൾക്കു സാധാരണ മനുഷ്യരുടെ ഉയരം ഉണ്ട്. കണ്ണ് ഒരു ചെമ്പിച്ച നിറത്തിലാണ്. മുഖത്തു, ചുണ്ടൊഴിച്ചു മററു സ്ഥലങ്ങളിലൊക്കെ— വാ, മൂക്ക്, മൂക്കിനകം, നെററി, കവിൾത്തടം എന്നീ ഭാഗങ്ങളിലെല്ലാം— പനനാരുപോലെ ബലമുള്ള കറുത്ത രോമങ്ങൾ നില്ക്കുന്നു. കവിൾത്തടത്തിലും നെററിമേലും ഉള്ള രോമത്തിന് എട്ടിഞ്ചു നീളം വരും. മൂക്കിന്മേൽ നാലിഞ്ചു നീളത്തിൽ തൂങ്ങിക്കിടക്കുന്ന രോമം നല്ല മാർദ്ദവമുള്ളതും ഒരുമാതിരി വെളുത്തതുമാണ്. ചെവി, അകവും പുറവും ഒരുപോലെ രോമത്താൽ മൂടപ്പെട്ടിരിക്കുന്നു. വാസ്തവം പറഞ്ഞാൽ അയാൾക്കു കൺപുരികങ്ങൾ പ്രത്യേകിച്ചില്ല; എല്ലായിടത്തും രോമം ഒരുപോലെയാണ്. കഴുത്തിനു കീഴ്പോട്ടു ദേഹമാസകലം അഞ്ചിഞ്ചു നീളംവരുന്ന രോമങ്ങളാൽ തീരെ മറയപ്പെട്ടിരിക്കുന്നു. നെഞ്ഞത്തുള്ള രോമത്തിന് ഏകദേശം ആറിഞ്ചു നീളം കാണും. കയ്യിന്മേലും, കാലിന്മേലും, തുടയിന്മേലും, വയററത്തും ഉള്ള രോമങ്ങൾ, മററു ഭാഗങ്ങളിലുള്ളവപോലെ, അത്ര ഇടതിങ്ങിപ്പടന്നിട്ടില്ല. രോമം കൊഴിഞ്ഞുപോകാറുണ്ടോ എന്നു ഞാൻ ചോദിച്ചു. ഇല്ലെന്നാണ് പറഞ്ഞത്. ഇയ്യാൾക്കു മുപ്പതു വയസ്സാണെന്നു ഞാൻ പറഞ്ഞുവല്ലോ. എന്നാൽ കാഴ്ചയിൽ അങ്ങിനെയല്ല; അതിലിരട്ടി തോന്നും. വായിൽ മുകളിലത്തെ നിരയിൽ, മുശങ്ങൾക്കുള്ളതു പോലെ നാലേ നാലു പല്ലുകളേ ഉള്ളു; കീഴെ വരിയിൽ എട്ടും. ശിശുപ്രായത്തിൽ ഉണ്ടായിരുന്ന പല്ല് ഇരുപതാമത്തെ വയസ്സിലാണ് പറിഞ്ഞുപോയത്. ഇയ്യാൾക്കു പണി, കുട്ടകൾ നെയ്യുണ്ടാക്കുകയാണ്. കാണുമ്പോലെയല്ല പ്രകൃതി. ആൾ സാമാന്യം ബുദ്ധിയും വിവേകവും ഉള്ള കൂട്ടത്തിലാണ്. ജനിക്കുമ്പോൾ ചെവി മാത്രമേ രോമംകൊണ്ടു മൂടപ്പെട്ടിരുന്നുള്ളു. മററു രോമമൊക്കെ ആറാമത്തെ വയസ്സു മുതൽ മുളച്ചു പൊന്തിയതാണ്. വിവാഹം ൨൨-ാമത്തെ വയസ്സിൽ കഴിഞ്ഞു. അതിൽ നാലു പെൺകുട്ടികൾ ഉണ്ടായതിൽ മൂത്തതു മൂന്നാംവയസ്സിലും എല്ലാററിലും ഇളയത് ഒന്നാമത്തെ വയസ്സിലും മരിച്ചുപോയി. ബാക്കി ജീവിച്ചിരിപ്പുള്ള രണ്ടു പെൺകുട്ടികളെ അവരുടെ അമ്മ ഞങ്ങളെ കാണിച്ചു. ഇളയവൾ അവളുടെ അമ്മയെപ്പോലെ തന്നെ സുന്ദരിയാണ്."

ഇരുപതു കൊല്ലം കഴിഞ്ഞതിൽ പിന്നെ കാപ്ററൻ യൂൾ എന്ന ആൾ ഈ വീട്ടിൽപ്പോയത്രെ. അദ്ദേഹം കാണുമ്പോൾ ഇളയ മകൾക്കു മുപ്പതു വയസ്സു പ്രായമായിരിക്കുന്നു. "ദേഹം മുഴുവനും, അച്ഛന്റേതുപോലെ തന്നെ രോമമയമാണ്. അവളുടെ പേർ ഫൂൺ എന്നാണ്. മേൽചുണ്ടിൻമുകളിലും കവിൾത്തടത്തിലും ഒരിഞ്ചു നീളത്തിൽ ചെമ്പിച്ച മൃദുരോമങ്ങൾ നില്ക്കുന്നുണ്ട്. മൂക്കിന്മേലുള്ള രോമത്തിന് ൭-ഇഞ്ച് നീളം വരും. അതു വലത്തോട്ടും ഇടത്തോട്ടും ചീകിയിട്ടിരിക്കുന്നു.

മേൽമീശ നായയുടേതുപോലെ തന്നെ; ഒന്നു വ്യത്യാസവും ഇല്ല. ചെവി ഉണ്ടെന്നറിയണമെങ്കിൽ തപ്പിനോക്കണം. ശബ്ദത്തിനു സ്ത്രീസഹജമായ മനോഹരതയുണ്ട്. അവളുടെ കഴുത്തും കയ്യും വിവിധ നിറത്തിലുള്ള രോമങ്ങളാൽ അലംകൃതമായിരിക്കുന്നു." ഇങ്ങനെയൊക്കെയാണ് ബർമ്മാക്കാരായ ഈ അസാധാരണ കുടുംബാംഗങ്ങളുടെ സ്ഥിതി.

1883-ൽ ഇററലിയിൽ കാറോ എന്നു പേരായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അതിൻെറ ആകൃതിയും പ്രകൃതിയും എല്ലാം ഒരു കുരങ്ങിൻേറതുപോലെയായിരുന്നു. നടക്കുന്നത് ഇഷ്ടമല്ല; ചാടുക, കവണംകുത്തി മറിയുക മുതലായ സർക്കസ്സ് വിദ്യകളിലാണ് രസം. നിലത്തുനിന്ന് എന്തെങ്കിലും പെറുക്കിയെടുക്കുന്നതിൽ കാണിക്കുന്ന ധൃതിയും കണിശവും പറയേണ്ട. ഇവൾ കുരങ്ങുതന്നെയായിരിക്കുമോ എന്ന സംശയം പരക്കെ ഉണ്ട്. പക്ഷെ ആ ധാരണ ഒരിക്കലും ശരിയല്ലെന്നാണ്

മിസ്റ്റർ കീനിൻെറ അഭിപ്രായം.

1665-ൽ യൂറോപ്പിൽ, മുൻപറഞ്ഞ യാതൊരു ഇനത്തിലും പെടാത്ത ഒരു സ്ത്രീയുണ്ടായിരുന്നു. ബർബറാ യേഴ്സലിൻ എന്നാണ് പേർ. ഇവളുടെ ദേഹം മുഴുവനും ഊതനിറത്തിലുള്ള രോമമാണ്. അരയോളം എത്തുന്ന താടിയുമുണ്ട്. ഇംഗ്ലണ്ടിൽ പലേടത്തും ഇവളെ കൊണ്ടുപോയി പണംപിരിക്കലായിരുന്നുവത്രെ ഭർത്താവിൻെറ ജോലി. ഈയൊരു കരാറിന്മേലാണത്രെ അയാൾ ഇവളെ കല്യാണം കഴിച്ചതും.

ചാർത്സ് 9-ാംരാജാവിൻെറ അകമ്പടിക്കാരിയായി ഒരു സ്ത്രീയുണ്ടായിരുന്നുപോൽ. പുൾട്ടോവയുദ്ധത്തിൽ വെച്ച് അവളെ തടവുകാരിയായി പിടിച്ച്, 1724ൽ റഷ്യാരാജാവിനു കാഴ്ചവെച്ചു. അവളുടെ മീശ അളന്നുനോക്കാൻ ഇഞ്ചുകോൽ പോരാ; വാരക്കോൽകൊണ്ട് അളന്നാൽ കൃത്യമായി ഒന്നര വാര കാണും!

കുന്നംകുളം. —ഡീക്കൺ പി. ജോസഫ്.

## ജോതീന്ദ്രമോഹനതാക്കൂർ.

ഭാരതമാതാവിൻെറ, കാലധർമ്മം പ്രാപിച്ച, യഥാർത്ഥ സന്താനങ്ങളിൽ ഒരാളാകുന്നു, ജോതീന്ദ്രമോഹന താക്കൂർ. അദ്ദേഹം 1831-ൽ, കല്ക്കത്തയിലുള്ള പിതൃഗൃഹത്തിൽ ജാതനായി. ജോതീന്ദ്രൻ, സംസ്കൃതസാഹിത്യോദ്ധാരണാർത്ഥം അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരുന്ന, കഴിഞ്ഞുപോയ വീരമോഹനതാക്കൂറിൻെറ മൂത്ത പുത്രനാകുന്നു. അദ്ദേഹം, ബാല്യത്തിൽ, ഒരു ഗ്രാമപാഠശാലയിലാണ് വിദ്യാഭ്യാസം ചെയ്തത്. പിന്നീട് കല്ക്കത്തയിലെ പഴയ ഹിന്ദുകാളേജിൽ ചേർന്ന്,

പ്രസിദ്ധപണ്ഡിതന്മാരായ ഡി. എൽ. റിച്ചാർഡ്സൺ, ജോൺ നാഷ് മുതലായവരുടെ കീഴിൽ കുറെനാൾ അഭ്യസിച്ചു. ക്ലാസ്സിൽ മിക്കവാറും അദ്വിതീയപദമാണ് അദ്ദേഹത്തിനു ലഭിച്ചിരുന്നത്. അധ്യാപകന്മാർ അദ്ദേഹത്തെ, ഒരസാധാരണ വിദ്യാർത്ഥിയായി കരുതിയിരുന്നു. സഹപാഠികൾ ഭയസങ്കലിതമായ ഒരു മനോവികാരത്തോടു കൂടിയേ, സമർത്ഥനായ തങ്ങളുടെ സഖാവിനെപ്പററി ചിന്തിക്കാറുണ്ടായിരുന്നുള്ളു. നാം രസശൂന്യങ്ങളെന്നു ഗണിച്ചു തള്ളിക്കളയുന്ന ശാസ്ത്രഗ്രന്ഥങ്ങൾ, അദ്ദേഹത്തിനു സരസങ്ങളായി തോന്നിയിരുന്നു. നമ്മുടെ തലച്ചോററിനെ ചുടുപിടിപ്പിക്കുന്ന പല പുസ്തകങ്ങളും, അദ്ദേഹത്തെ സംബന്ധിച്ചെടത്തോളം, അത്യന്തം സുഗമങ്ങളായിരുന്നു. ഇരുപത്തിരണ്ടു വയസ്സു തികയുന്നതിനു മുമ്പു ജ്യോതീന്ദ്രൻ, സംസ്കൃതത്തിലും, ഇംഗ്ലീഷിലും അന്യാദൃശമായ പാണ്ഡിത്യം സമ്പാദിച്ചു. കാളേജ് വിട്ട ശേഷം, തന്റെ ശ്രദ്ധയെ അദ്ദേഹം, സാഹിത്യപഥത്തിലേക്കാണ് നയിച്ചത്. "ലിറററി ഗസററ്", "പ്രവകർ" മുതലായ പത്രഗ്രന്ഥങ്ങളിൽ, അദ്ദേഹം, ഇടവിടാതെ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. അവ, ആംഗ്ലോ.ബംഗാളോപന്യാസകാരന്മാരുടെ ഇടയിൽ, അദ്ദേഹത്തിന് ഒരുൽകൃഷ്ടസ്ഥാനം സമ്പാദിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിൽ തക്കമില്ല. ജ്യോതീന്ദ്രൻ, ഒരു നാട്യശാസ്ത്രവേദി കൂടിയായിരുന്നു. അദ്ദേഹം ബംഗാളിഭാഷയിൽ മനോമോഹനങ്ങളായ പല നാടകങ്ങൾ രചിച്ചിട്ടുണ്ട്. ആ ഭാഷ സംസാരിക്കുന്ന ജനസമുദായത്തിൽ അവ, പ്രചുരപ്രചാരമുള്ള കൃതികളായി തീന്നിട്ടുമുണ്ട്.

1870-ൽ അദ്ദേഹത്തെ ബംഗാൾ നിയമനിർമ്മാണസഭയിലെ ഒരംഗമായി നിയമിച്ചു. ന്യായ്യമായ സ്വാതന്ത്ര്യത്താലും, യുക്തായുക്തവിവേചനശക്തിയാലും അദ്ദേഹം, ഈ പദത്തിൽ സവിശേഷം ശോഭിച്ചിരുന്നെന്നു പറയേണ്ടതില്ലല്ലോ. അടുത്ത വർഷത്തിൽ അദ്ദേഹത്തിനു "രാജാ" എന്ന സ്ഥാനം കിട്ടി. ലിട്ടൺ പ്രഭു വൈസ്രോയിയായിരുന്ന കാലത്ത്,— 1877 ൽ ആണെന്നു തോന്നുന്നു— അദ്ദേഹത്തിന് "മഹാരാജാ"വെന്ന ബിരുദവും ലഭിച്ചു. ആ വർഷത്തിൽ തന്നെ ജ്യോതീന്ദ്രമോഹനനെ, സാമ്രാജ്യനിയമനിർമ്മാണസഭയിലെ ഒരംഗമായി തിരഞ്ഞെടുത്തു. 1879-ൽ അദ്ദേഹം, "ബ്രിട്ടീഷ് ഇന്ത്യൻ അസോസേഷ്യ"ന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. ആ കൊല്ലത്തിൽ തന്നെ, ചക്രവത്തിനി, "കെ. സി, എസ്സ്. ഐ" എന്ന സ്ഥാനവും അദ്ദേഹത്തിനു കല്പിച്ചുകൊടുത്തു. 1881ൽ, "മഹാരാജ" എന്ന ബിരുദപദം, താക്കൂറിന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഉണ്ടായിരിക്കുന്നതാണെന്ന്, ഗവർമ്മെണ്ടു പരസ്യംചെയ്തു. കാലവിളംബമെന്യേ, കല്കത്തയിലെ സമാധാനരക്ഷകനായ ജസ്റ്റിയായും, കല്കത്താ സർവ്വകലാശാലയിലെ ഒരംഗമായും, ഇന്ത്യയിലെ കാഴ്ചബംഗ്ലാവുകളുടെ മേലധികാരിയായും അദ്ദേഹത്തെ നിയമിച്ചു.

ജ്യോതീന്ദ്രൻ, അത്യന്തം സമസൃഷ്ടിസ്നേഹമുള്ള ഒരു മഹാശയനായിരുന്നു. മരണപര്യന്തം, സാധുക്കളുടെ സുഹൃത്തും,

രക്ഷാകർത്താവും ആയിരിക്കുന്നതിന് അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. പട്ടിണി കിടക്കുന്ന അതു കൂട്ടർക്ക്, ആവശ്യമുള്ള ആഹാരപദാർത്ഥങ്ങൾ അദ്ദേഹം കൊടുത്തുവന്നു. 80000 ഉറുപ്പികയുടെ പലിശ മുഴുവൻ, അദ്ദേഹം, ധർമ്മകാര്യങ്ങൾക്കായി വിനിയോഗിച്ചു. ചുരുക്കത്തിൽ, "ധർമ്മമാം ബന്ധു മരിച്ചാലും കൂടെപ്പോരും" എന്നുള്ള ആപ്തവാക്യത്തെ, അദ്ദേഹം, സർവ്വഥാ അനുസരിച്ചു പ്രവർത്തിച്ചുവന്നു, എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ജോതീന്ദ്രൻ, ഒരു യഥാർത്ഥഹിന്ദുതന്നെ ആയിരുന്നു. സമസ്തസൃഷ്ടികൾക്കു വേണ്ടി എന്തു ചെയ്യുന്നതിനും അദ്ദേഹം സന്നദ്ധനായിരുന്നു. ഇപ്പോഴത്തെ ഉൽകൃഷ്ടകുലജാതന്മാരായ ചില യുവാക്കളിൽ കാണുന്ന, ഗർവ്വമോ, സാധുനിന്ദയോ അദ്ദേഹത്തിനു ലേശവും ഉണ്ടായിരുന്നില്ല. ദുരഭിമാനം, ജോതീന്ദ്രനിൽ കണികാണ്മാൻ പോലുമില്ലായിരുന്നു. അങ്ങനെയല്ലാതെ വരാൻ തരമില്ലല്ലോ; "നിറകുടം തുളുമ്പുകയില്ലെ"ന്നല്ലേ പഴമൊഴി!!

സൌഭാഗ്യപരിപൂർണ്ണവും, ഉപയോഗകരവും ആയ ഒരു ദീർഘജീവിതത്തിനു ശേഷം, മഹാരാജ ജോതീന്ദ്രമോഹനടാഗൂർ, കെ. സി. എസ്സ്. ഐ, 1908- ജനുവരിമാസം 10-ാം തിയ്യതി ദേഹവിയോഗം ചെയ്തു! അദ്ദേഹത്തിന്റെ ജീവിതം, ഭാഷാഭിമാനികളും, സ്വദേശസ്നേഹികളുമായ യുവാക്കന്മാർക്ക് ഒരാദർശമായിരിക്കട്ടെ! രാജ്യതന്ത്രജ്ഞന്മാരായ പലരും, സാഹിത്യത്തെ സംബന്ധിച്ചേടത്തോളം, സാധാരണമായി, വളരെ പിന്നിലാണ് നില്ക്കുന്നത്. എന്നാൽ, ടാഗൂറോ? ഇവ രണ്ടിലും സമർത്ഥന്മാരായ "ചുരുക്കം പുമാന്മാരിൽപെട്ടവനായിരുന്നു." അദ്ദേഹത്തിന്റെ ആത്മാവിന് ശാശ്വതസുഖം ലഭിക്കട്ടെ!!

പാലക്കാട്.

—കെ. എസ്സ്. പരമേശ്വരൻപിള്ള.

## പോഷിണീഭാഷണം.

മലയാളസാഹിത്യലോകത്തിൽ ഗ്രന്ഥനിർമ്മാണം വേണ്ടതുപോലെയാകുന്നില്ലെന്ന് ഒരാക്ഷേപം നാൾതോറും മുറുകിമുറുകി വരുന്നുണ്ട്. ഇതിൽ അവാസ്തവമായി ഒരക്ഷരംപോലുമില്ല; പരിഷ്കൃതഭാഷകളിലുള്ളപോലെ ഒരു വിമർശനരീതി കേരളഭാഷയിൽ ഇതേവരെ സുവ്യവസ്ഥിതമായിട്ടില്ലെന്നു, സലജ്ജം സമ്മതിക്കുകതന്നെയേ നിവൃത്തിയുള്ളൂ. സാഹിത്യത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും പ്രതിബന്ധമായിരിക്കുന്ന ഈ ന്യൂനതയുടെ പരിഹാരം, ഇംഗ്ലീഷ് മുതലായ മഹാഭാഷകളിലും സ്വഭാഷയിലും ഒരുപോലെ പരിജ്ഞാനമുള്ള മലയാളികളെ ആശ്രയിച്ചാണിരിക്കുന്നത്. അവർ പരാശ്രയംകൊണ്ടു സമ്പാദിക്കുന്ന ജ്ഞാനധനം ചിലവഴിക്കുന്നതിൽ ഇത്ര പിശുക്കു പിടിക്കുന്നേടത്തോളം കാലം, അവരുടെ ഭാഷയ്ക്കു അഭിവൃദ്ധിക്കു...

യന്നാക്കു അഭ്യുദയമൊന്നും ഉണ്ടാകാനിടയില്ല.

* * * *

പത്രാധിപന്മാരാണ് ഗ്രന്ഥനിരൂപണവിഷയത്തിൽ പ്രധാന ഭാരവാഹികൾ എന്നൊരു ധാരണ പൊതുജനങ്ങളുടെ ഇടയിൽ പടൎന്നു പിടിച്ചിട്ടുണ്ട്. ഇതിനു കാരണം, സഹൃദയന്മാരായ വായനക്കാർ ഈ വിഷയത്തിൽ ഉദാസീനന്മാരായിരിക്കുന്നതാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, നമ്മുടെ ഈ പത്രാധിപന്മാരെവിടെ? ആ ഗ്രന്ഥനിരൂപണം എന്ന ഗംഭീരകൃത്യം എവിടെ? മലയാളത്തിലെ പത്രപ്രവൎത്തനം ഒട്ടും മധുരമായിട്ടുള്ളതല്ല; നാനാതരം ക്ലേശങ്ങളുടേയും, അനേകം അടിയന്തരകാൎയ്യങ്ങളുടേയും നടുവിലാണ് ഓരോ പത്രക്കാരന്റെയും നില. ഈ നിലയുണ്ടോ, ഇപ്പോഴത്തെക്കാൾ പ്രശസ്തമായ ഗ്രന്ഥവിമൎശനം ഒരു പത്രാധിപനാൽ സാദ്ധ്യമാകുന്നു? ഇനി മറിച്ചാണെങ്കിൽത്തന്നെ, ഒരു ഗ്രന്ഥത്തെ ക്കൂലംകഷമായി വായിച്ചു തക്കതായൊരഭിപ്രായം എഴുതുവാൻ കഴിയുന്നവരായി, കേരളീയ പത്രാധിപന്മാരിൽ ആകെ എത്ര പേരുണ്ടാവും? ഈ ചോദ്യത്തിനു, പല പത്രികകളിലേയും മാസികകളിലേയും അപഭ്രംശകലുഷങ്ങളായ ഉപന്യാസങ്ങൾ തന്നെ ഉത്തരം പറഞ്ഞുകൊള്ളും! 'അച്ചടിപ്പിശാചിന്റെ ബാധകൊണ്ടും പത്രാധിപന്മാരുടെ മടികൊണ്ടു'മാണ്, ഇത്രവളരെ അബദ്ധങ്ങൾ പത്രങ്ങളിൽ കടന്നുകൂടുന്നതെന്ന്, ഇയ്യിടെ ഒരു 'ഭാഷാഭിമാനി' 'സത്യനാദ'പത്രത്തിൽ എഴുതിക്കണ്ടു. എത്ര വമ്പിച്ച അച്ചടിപ്പിശാചിനും 'ഹാകാരത്തെ 'ഖ'കാരമായി മാററാൻ എളുപ്പത്തിൽ സാധിക്കുന്നതല്ലല്ലോ. എന്നാൽ പിന്നെ, ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു പത്രികയിൽ— പത്രാധിപക്കുറിപ്പിൽ തന്നെ— മേഹം (പ്രമേഹ) മേഖരോഗമായിത്തീൎന്നതിനു കാരണം പത്രാധിപരുടെ അലസതയോ, അജ്ഞതയോ? അഥവാ, 'ഖനക്ഷയം' വന്നുകൂടാ എന്നു വെച്ചിട്ടായിരിക്കാം മേഹത്തെ മേഖീകരിച്ചുകളഞ്ഞത്!! ശംഖിനെ ശംഖാക്കിയതും ഈ പത്രാധിപർ തന്നെയാണെന്നു തോന്നുന്നു. ഇതു 'ഖന'ത്തിനു വേണ്ടിയാവില്ല, നിശ്ചയം തന്നെ! കഷ്ടം! ഇതിൽനിന്നൊക്കെ ഊഹിക്കാവുന്ന പ്രകാരം, അക്ഷരങ്ങളെ ശരിയായി ഉച്ചരിപ്പാനോ എഴുതാനോ കഴിവില്ലാത്തവർകൂടി നമ്മുടെനാട്ടിൽ പത്രാധിപപട്ടം കെട്ടിയിരിക്കുന്നുണ്ടെങ്കിൽ, പത്രാധിപത്യത്തിനു വിലയില്ലാതാകുന്നതിൽ വ്യസനിച്ചിട്ടെന്താണ് ഫലം? ഇത്തരം പത്രങ്ങളുടെ പുസ്തകാഭിപ്രായം എന്ന വലിയ തലക്കെട്ടു കാണുമ്പോൾ, വായനക്കാരിൽ ചിലൎക്ക് അനുകമ്പാസമ്പന്നമായ മന്ദഹാസം പുറപ്പെടുന്നതായാൽ, അവരെ കുററപ്പെടുത്താൻ നമുക്കൊരു ന്യായവുമില്ല.

* * *

നമ്മുടെ പത്രലോകത്തിന്റെ ഭിന്നരുചിത്വം അത്യത്ഭുതകരമായിരിക്കുന്നു. ഒരേ കൃതിയെ സംബന്ധിച്ചു തന്നെ ഒരായിരം അഭിപ്രായപ്രകടനം ഇവിടെ സാധാരണമാണ്. ഒരു പത്രികയോ മാസികയോ കേമമായി ശ്ലാഘിച്ച ഒരു കൃതിയെ മററു ചിലതുകൾ തിരിച്ചും മറിച്ചും ദുഷിച്ചിരിക്കുന്നതായി കാണാം! പേരു കേട്ട എഴുത്തുകാരിൽ ഇന്ന ആളുടെ പുസ്തകത്തെക്കുറിച്ച് ഇന്നയിന്ന പത്രങ്ങളും പത്രഗ്രന്ഥങ്ങളും എന്തെന്തഭിപ്രായമാണ് പുറപ്പെടുവിക്കുക എന്നു മുൻ

കൂട്ടി കണ്ടു നിശ്ചയിപ്പാൻ തനിക്കൊരു ദിവ്യചക്ഷുസ്സു ലഭിച്ചിട്ടുള്ളതായി ഒരു സഹൃദൻ പ്രസംഗവശാൽ പറകയുണ്ടായി. ഈ ദൗൎഭാഗ്യം ഇപ്പോൾ പലൎക്കും സിദ്ധിച്ചിട്ടുണ്ടായിരിക്കും. ഇതിന്നു വ്യാപ്തി വരുംതോറും പത്രങ്ങളുടെ പുസ്തകാഭിപ്രായങ്ങളിൽ അഭിജ്ഞന്മാൎക്ക് അവജ്ഞ വൎദ്ധിക്കുകയും, അതു ക്രമേണ ഉത്തമപത്രങ്ങൾക്കു കൂടി അയശസ്കരമായിത്തീരുകയും ചെയ്യും. ഇപ്പോഴത്തെ സ്ഥിതിക്ക്, എതാണ്ടു തന്റേടമുറച്ച ഗ്രന്ഥകാരന്മാരോ പ്രസാധകന്മാരോ സ്വന്തം പുസ്തകം പത്രങ്ങൾക്കു പരക്കെ അയയ്ക്കുന്നത് എല്ലാററിന്റേയും അഭിപ്രായത്തെ വിലവെച്ചിട്ടാണെന്നു വിചാരിച്ചുകൂടാ; പുസ്തകം പുറത്തായ വിവരം എളുപ്പത്തിൽ പരസ്യപ്പെടുത്താമെന്നായിരിക്കും അവരുടെ പരമോദ്ദേശം. എതായാലും, ഇങ്ങിനെ പുതുപുസ്തകങ്ങളെല്ലാം കാല്ക്കൽ വന്നു വീഴുന്നതുകൊണ്ട്, അവയുടെ മേൽ പൂൎണ്ണമായ നിഗ്രഹാനുഗ്രഹശക്തിയുള്ളവരാണ് തങ്ങളെന്നു ചില പത്രാധിപന്മാർ അന്ധാളിച്ചുപോകുന്നുണ്ടെന്നു തോന്നുന്നു. ഈ അന്ധാളിത്തം കൊണ്ടാവണം, ഓരോ പുസ്തകത്തേയും സംബന്ധിച്ചു, ന്യായാധിപന്മാരെപ്പോലെ വല്ല നിയമവും എടുത്തു കാട്ടി, യഥേഷ്ടം 'വിധിന്യായ'മെഴുതിത്തള്ളുവാൻ അവർ ധൈൎയ്യപ്പെടുന്നത്!

* * * *

പഠിപ്പും പരിചയവും പരുങ്ങലാണെങ്കിലും, ഉള്ളിൽ തോന്നിയ അഭിപ്രായം, മനസ്സാക്ഷിയെ മറയത്തു തള്ളാതെ വെളിപ്പെടുത്തുക എന്നൊരു വ്രതം ഗ്രന്ഥനിരൂപകന്മാൎക്കു പരക്കെ അനുഷ്ഠിക്കാവുന്നതാണ്. ഒരു ഗ്രന്ഥം ഗുണഭൂയിഷ്ഠമാണെങ്കിൽ, അതിന്റെ ഗുണങ്ങളെ വേണ്ടുംവണ്ണം പ്രശംസിക്കുന്നതുകൊണ്ടു നിരൂപകന്റെ വൈദഗ്ദ്ധ്യകീൎത്തിക്ക് ഒരു വാട്ടവും വരാനില്ല! ഗുണശ്ലാഘനത്തെക്കാൾ ദോഷഘോഷണം ഇഷ്ടപ്പെടുന്ന വായനക്കാരുണ്ടാവാം. എന്നാൽ, അവരെ പ്രസാദിപ്പിക്കുന്നതിന്നു നിരൂപകൻ ശ്രമിക്കുന്നതു, ദുൎവ്വാസനക്കു വളം കൊടുക്കുകയാണ്. സൌമ്യങ്ങളും ഗുണാശംസയെ ദ്യോതിപ്പിക്കുന്നവയും ആയ അക്ഷരങ്ങൾകൊണ്ടു വേണം ദോഷങ്ങളെ ഉപന്യസിപ്പാൻ. തീക്ഷ്ണമായ ദോഷപ്രഖ്യാപനം, മേലിൽ നന്നാകുന്നവരായി കാണപ്പെടുന്ന യുവകവികൾക്ക് ഉത്സാഹഭംഗം വരുത്തിയേയ്ക്കാവുന്നതാകയാൽ, അവരെസ്സംബന്ധിച്ചേടത്തോളം വിശേഷിച്ചും, വൎജ്ജനീയമാകുന്നു. എന്നാൽ, എങ്ങിനെയോ സാഹിത്യകാരന്മാരുടെ പംക്തിയിൽ സ്ഥലം പിടിച്ചു വാഗ്ദേവിയോടു മല്ലിടുന്ന മഹാനുഭാവന്മാരുടെ കാൎയ്യത്തിൽ, ഈ നിയമത്തിന് അല്പം ഭേദഗതി വരുത്തിക്കൂടെന്നില്ല; അതു പക്ഷേ, പ്രയോജനകരമായും ഭവിച്ചേയ്ക്കാം. ഈ തത്വം ഉള്ളിൽ വെച്ചുംകൊണ്ടാണ്, പ്രായേണ സി. പി. അച്യുതമേനോനവർകളും പരേതനായ രാമകൃഷ്ണപിള്ള അവർകളും ഗ്രന്ഥവിമൎശനം ചെയ്തിരുന്നത്. അവരെ അനുകരിപ്പാൻ ചില്ലറക്കാരെക്കൊണ്ടാവില്ലെന്നേ ഉള്ളു. ശ്രീമാൻ പിള്ളയുടെ അഭേദ്യമായ യശശ്ശരീരത്തിന്മേൽ, അദ്ദേഹം നിൎദ്ദാക്ഷിണ്യമായി ആക്ഷേപിച്ച ചില പുസ്തകങ്ങളുടെ ഉടമസ്ഥന്മാർ ഇപ്പോഴും ഇടയ്ക്കിടയ്ക്കു ഒളിയമ്പെയ്തുനോക്കുന്നതു തന്നെ, ആ ദീൎഘവിശ്രമം അംഗീകരിച്ചതൂലികയുടെ അവിസ്മരണീയശക്തിക്ക് ഉദാഹരണമാണല്ലോ. ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കണമെങ്കിൽ, അറിവു വേണം നെറിവു വേണം, കാഴ്ച വേണം കാച്ചു വേണം എന്നതൊക്കെ പഴംകഥയായിപ്പോയി! ഇപ്പോഴത്തെ 'മഹാനിരൂപകന്മാർ' ദയ വിചാരിച്ചു, ഗ്രന്ഥനിരൂപണത്തെ വൈരനിൎയ്യാതനത്തിനുള്ള ആയുധമാക്കാതിരിക്കയെങ്കിലും ചെയ്യുമോ, ആവോ!!

# അത്യാവശ്യമായ ഔഷധങ്ങൾ

**ജീവരക്ഷണി.** സർവ്വരോഗനിവാരകമായ ഒരു അപൂർവ്വ സഞ്ജീവി അകത്തേക്കും പുറമേയ്ക്കും ഉപയോഗിക്കാം പ്രത്യക്ഷഫലം അത്യാവശ്യമായ്ക്കു മാത്ര ൨ തുള്ളി ൧൦ നേരത്തെ മരുന്നടങ്ങിയ്ക്കു കുപ്പി ക ൧.

**വദനകാന്തി.** മുഖക്കുരുവെ നശിപ്പിച്ചു മുഖവശീകരത്തെ ഉണ്ടാക്കുന്നതു ഡപ്പി ൧ ന്നു ണ വ.

**ആനന്ദാ ദന്തചൂർണ്ണം.** പരിമളത്തോടുകൂടിയ്ക്കു മൂലികകൾ നിറഞ്ഞതു ഇതുകൊണ്ടു ദന്തശുദ്ധിചെയ്യു വരുന്നതുയാൽ എല്ലാ ദന്തരോഗങ്ങളും ശമിക്കും വായ്ക്കു രുചിയും പരിമളവും കിട്ടും ഡപ്പി ണ ർ.

**ക്ഷുദ്രനാശകം.** ചുണങ്ങു, കരിഞ്ചുണങ്ങു, അരക്കടി, പുഴക്കടി മുതലായവ ശമിക്കും കുപ്പി ണ ർ.

**വേദനാഹരം.** തലവേദന, വാതകടച്ചൽ എല്ലുപൊളിച്ചൽ മുതലായവകൾക്കു വിശേഷം കുപ്പി ണ വ.

**ചൊറിക്കുഴമ്പ്.** ചൊറി, കുരു, കരപ്പൻ മുതലായവകൾക്കു വിശേഷമായ്ക്കു കുപ്പി ണ ൧.

**ഓമദ്രാവകം.** അജീർണ്ണം, ഗ്രഹണി, ഇവകൾക്കു വിശേഷം വളരെ സാരമാക്കി കുറച്ചെട്ടത്തസത്ത കുപ്പി ണ വ.

**രോമസംഹാരി.** ഏതു ഭാഗത്തുനിന്നും യാതൊരു ഉപദ്രവവും കൂടാതെ രോമങ്ങളെ നീക്കും ഡപ്പി ണ ർ.

**ദന്തവേദനാഹരം.** എത്ര ഉഗ്രമായ പല്ലുവേദനയേയും ഉടൻ പരിഹരിക്കും കുപ്പി ണ വ.

**വിരേചനഗുളിക.** മലബന്ധത്തെ നീക്കുവാനും വയറിളക്കുവാനും വിശേഷം ൨ വ ഗുളിക കുപ്പി ണ വ.

**വീര്യകേസരിവടിക.** രക്തത്തെ ശുദ്ധീകരിക്കുന്നതു, ദേഹപുഷ്ടിയേയും ദേഹകാന്തിയെയും ഉണ്ടാക്കുന്നതു ദുർമ്മാർഗ്ഗവൃത്തികളാൽ കെട്ടുപോയ പൌരുഷത്തെ നീക്കി ധാതു പുഷ്ടിയെ ഉണ്ടാക്കുന്നതു പെട്ടിക ൧.

**കഷണ്ടിനാശകം.** രോമങ്ങളെ മുളപ്പിച്ചു വളർത്തും പുഴക്കടി മുതലായവയെ നിവർത്തും കുപ്പിക ൧.

**ഭേദിനിവാർ.** എല്ലാ അതിസാരങ്ങൾക്കും, വയറുകട്ടപ്പിന്നും ഫലപ്രദമായ ഗുളിക കുപ്പി ണ വ.

**നയനബന്ധു.** എല്ലാതരം നേത്രരോഗങ്ങൾക്കും അതിവിശേഷമായ കുഴമ്പ കുപ്പി ണ വ.

**കർണ്ണരോഗശമനി.** ചെവിയിലുണ്ടാവുന്ന വ്യാധികൾക്കെല്ലാം ഗുണകരമായ്ക്കു കുപ്പി ണ വ.

**കാമേശ്വരലേഹ്യം.** ശാസ്ത്രോക്തമായ വിശേഷകാമോദ്ദീപകലേഹ്യം പെട്ടി ക ൧ ണവ.

**യൂക്കാലിപ്ടസ് തൈലം.** പ്രസിദ്ധമായുള്ള സർവ്വരോഗനിവാരണമായ പരിശുദ്ധതൈലം കുപ്പി ണ ർ.

**സുഗന്ധകേസരം.** അതിമനോഹരമായ പരിമളത്തോടുകൂടിയ ചന്ദന (കളഭ) കൂട്ടു കുപ്പി ണ വ.

പി എ. അയ്യർ. എ. കെ. ഔഷധശാല, പല്ലാവൂർ, മലബാർ.

---

# മഷി! മഷി!! മഷി!!!

**കറുപ്പു മഷിപൊടി.** ഒരു പൊതിയിലുള്ള പൊടിയെ ൨ ഔൺസ ചൂടുവെള്ളത്തിൽ ഇട്ടാൽ സാധാരണ എഴുതുന്ന മേത്തരം കറുപ്പുമഷി ഉണ്ടാകും ൧൦൦ പൊതികൊണ്ട കെട്ട ക ൧.

**അടയാളമഷി.** വസ്ത്രങ്ങളിൽ ഈ മഷികൊണ്ടു അടയാളമൊ പേരോ ഇട്ടാൽ വസ്ത്രം ജീർണ്ണമായ് പോയാലും അടയാളം മായുന്നതല്ല കുപ്പി ണ ൨. ൩ കുപ്പി ണ ൧൨. ഡസൻ ക ൧ ണ ൨.

കുറിപ്പ്— വി. പിയിൽ ൧ ണക്കു കുറഞ്ഞ സാമാനങ്ങൾക്കു മാത്രമായി ആവശ്യപ്പെട്ടാൽ അയക്കുന്നതല്ല. വി. പി. ചിലവുകൾ ആവശ്യക്കാർ തന്നെ വഹിക്കേണ്ടതാകുന്നു. പല തവണകളായ ജാസ്തി സാമാനങ്ങൾ വാങ്ങുന്നവർക്കും കച്ചവടക്കാർക്കും നല്ല കമ്മീഷൻ കൊടുക്കുന്നതാകുന്നു, തക്കാലയുദ്ധത്തിന്നു ശേഷം ബ്ലൂബ്ലാക്ക്, ചുകപ്പു മുതലായ എല്ലാതരം മഷികളും കിട്ടുന്നതാണ്.

പി. എ. അയ്യർ. പല്ലാവൂർ പോസ്റ്റ്, മലബാർ.

# പരസ്യം

**വേനൽക്കാലത്തേക്കുള്ള ഒരു വലിയ സഹായം.**

**അമൃതമാലകതൈലം**

നിങ്ങളുടെ തലച്ചോർ എപ്പോഴും തണുത്തിരിക്കേണമോ? എന്നാൽ അമൃതമാലകതൈലം ഉപയോഗിക്കുവിൻ. നിങ്ങളുടെ നേത്രങ്ങൾക്കു കുളുമ്മ വേണമോ? എങ്കിൽ അമൃതബാലകതൈലം തന്നെ ഉപയോഗിക്കുവിൻ വില കുപ്പി ഒന്നുക്കു 0-12-0 ഡസന്ന് 8-0-0

**കദലി കണ്ഡപാകം**

നിങ്ങളുടെ ശരീരപ്രകൃതിയെ തണുപ്പിക്കേണമോ? എന്നാൽ ഞങ്ങളുടെ കദലി കണ്ഡപാകമെന്ന ഔഷധത്തെ ഉപയോഗിക്കുവിൻ.

വില കുപ്പി ഒന്നുക്കു 1-ക 8ണ. ഡസന്ന് 15-ക.

**ജംബീരരസായനം**

മൂലക്കുരു ഉണ്ടാകാതിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ ജംബീരരസായനം സേവിക്കാതിരിക്കരുത.

കുപ്പി ഒന്നുക്കു വില 0-8 0 ഡസന്ന് 5ക 8ണ.

**ജീവാമൃതം**

നാഡിക്ഷയത്താൽ നിങ്ങൾ പിഡിതന്മാരാണോ എന്നാൽ താമസിയാതെ ജീവാമൃതത്തെ ഉപയോഗിക്കുവിൻ.

കുപ്പി ഒന്നുക്കു വില 3ക. ഡസന്ന് 23-ക.

പാക്കിങ്ങ് പോസ്റ്റേജ പുറമെ അടുത്ത റെയിൽവെസ്റ്റേഷന്റേയും തപ്പാലാപ്പീസ്സിന്റേയും പേരറിയിക്കണം.

വിലവിവരപട്ടിക ആവശ്യപ്പെട്ടാൽ സൌജന്യമായി അയച്ചുകൊടുക്കും.

മേൽവിലാസം.—

വൈദ്യരത്നം പണ്ഡിതർ ഡി. ഗോപാല ചാർല്ലു എ. വി. എസ്സ്.
എ. എം. വി.

ആയുൎവ്വേദാശ്രമം
55 അചാരപ്പൻ തെരു
ജി- ടി- മദിരാശി.

AYURVEDASKAM
55 Acharappau Street
**G. T. MADRAS.**

ശാഖകൾ
2. തമ്പുച്ചെട്ടിത്തെരു
ബ്രോഡവെ

THE

# STANDARD PHARMACEUTICAL PRODUCTS

കുടുംബ ഔഷധങ്ങൾ.

ഇരുപതുകൊല്ലത്തെ വ്യാപാരം — ഒരിക്കൽ പരീക്ഷിക്കുക—ഗുണമറിയാം.

| | | |
|---|---|---|
| മുഖക്കുരു ഇനി ഇല്ല.<br>"അഭൈൻഡോൾ"<br>മുഖത്തു ചൊറി, ചിരങ്ങ്, മുഖക്കുരു മുതലായത് ഉണ്ടെങ്കിൽ ക്ഷണം സുഖപ്പെടും.<br>കുപ്പിക്കു വില ക വ. | മൂലക്കുരു ഇനി ഇല്ല.<br>"പൈൽമൊൾ"<br>മൂലക്കുരുവിനു സിദ്ധൌഷധം. മൂന്നുപ്രാവശ്യം പുരട്ടിയാൽ അറിയാം ഫലം.<br>കുപ്പിക്കു ക വ—വ്യ—൦ | മേലിൽ കുരു (പരു) ഇല്ല.<br>"കാർബ്ലാക്കർ"<br>കുരു, ചുണങ്ങു, അരിമ്പാറ മുതലായത് നീക്കികളവാൻ അത്യുത്തമം.<br>കുപ്പിക്കു ൧ വ—ണ |
| ഗ്രഹണിരോഗം ഇല്ല.<br>"ഡിസ്പെപ്സിറോൾ"<br>ഗ്രഹണി, ദഹനക്കേട്, വയററിലെ മററു ക്രമക്കേടുകൾ—ഇവക്കു ഒന്നാന്തരം.<br>കുപ്പിക്കു ക ൧—വ്യ—൦ | മലമ്പനി ഇനിഇല്ല.<br>"ഫെബ്രിഫ്യൂഗൽ"<br>എല്ലാതരം പനികളും, വിശേഷിച്ച് വിറപ്പനി, ഗുന്മം മുതലായവക്കും മെച്ചം,<br>കുപ്പിക്കു ക ൧—ർ—൦ | വെളുത്ത തലമുടി കാണില്ല.<br>"ഹെയർകായിൽകാമ്പൌണ്ട്"<br>കുറച്ചുനാളത്തെ ഉപയോഗം കൊണ്ടു നരച്ച തലമുടി കറുക്കും. (ചായമല്ല)<br>വില കുപ്പിക്കു ക വ. |
| ക്ഷീണമില്ല<br>"നെർവലിൻ"<br>വിശപ്പുണ്ടാക്കുക, ഉറക്കമുണ്ടാക്കുക മുതലായവക്കു ഒന്നാന്തരം, തലച്ചോറിനേയും ശരീരത്തേയും പോഷിപ്പിക്കും.<br>കുപ്പിക്കു ക വ—വ്യ—൦ | കുരക്കുകയില്ല.<br>"പെക്ടോറാല്യൂൺ"<br>ജലദോഷം, കുര, ഏക്കം, ശ്വാസോഛ്വാസത്തിനുള്ള തടവ് ഇവയെല്ലാം മാററും,<br>കുപ്പിക്കു ക ൧—വ്യ—൦ | പല്ലുവേദനയില്ല.<br>"ഒഡോൻഡെൻതോൾ"<br>പല്ലുവേദനക്കു കൊണ്ടതും ശ്രുതിപ്പെട്ടതുമായ ഔഷധം.<br>കുപ്പിക്കു ക ൦—൧ വ—൦ |

ബങ്കളൂരിലെ ഏജെണ്ട്

## The Medical Supply Company

ST. MARKS ROAD, BANGALORE CANT.



# ജീവദശയുടെ ഉൽ
# കൃഷ്ടഉദ്ദേശം

കായബലത്തേയും, മാനസശക്തിയേയും വദ്ധിപ്പിച്ച സകലഭാഗ്യവും അനുഭവിപ്പാൻ ഇടയാക്കി തീക്കേണ്ടതു് ഈ ജീവദശയുടെ ഉൽകൃഷ്ട ഉദ്ദേശമാണല്ലൊ. ഇപ്രകാരം ചെയ്യേണ്ടത് എല്ലാവരുടേയും ധമ്മമാണ്. ഈ ജീവിതത്തിൻെറ കമ്മഫലം, ആരോഗ്യം, ധനം, സുഖം ഇവകൾ ആണ്.

# ആതങ്കനിഗ്രഹ
# ഗുളികകൾ

മേല്പറഞ്ഞ ഉൽകൃഷ്ട ഉദ്ദേശത്തെ വെളിപ്പെട്ടത്തീട്ടു കാലം കുറെയായി. ഈ ഗുളികകൾ ശരീരത്തിന്നും സകല അവയവങ്ങൾക്കും ഭക്ഷണമായിത്തീന്ന് അവയെ വേണ്ടത്ര പോഷിപ്പിച്ച് ഈ ജീവിതത്തേയും ജോലിയേയും സന്തോഷകരമാക്കിത്തീക്കുന്നു.

ഈ ഗുളികകൾ താഴെ വിവരിച്ചിരിക്കുന്ന വിലാസത്തിൽ എഴുതിയാൽ കിട്ടും

൩൨, ഗുളികകളുള്ള ൧ ടിന്നിന്നു വില ക ൧.

വൈദ്യശാസ്ത്രി, മണിശങ്കരഗോവിന്ദജി,
ആതങ്കനിഗ്രഹ ഔഷധാലയം,
൧൬൦, ൧൬൪ ബ്രോഡ്‌വെ, മദ്രാസ്,
സബ് ആപ്പീസ് ൪൯ മൌണ്ട് റോഡ, മദ്രാസ.

# അമൃതാഞ്ജനം

(റജിസ്റ്റേഡ്)

ഒരിക്കൽ പരീക്ഷിക്കുക! വിസ്മയകരമായ സുഖപ്രാപ്തി!!

ലോകവിശ്രുതമായ

# വേദനസംഹാരി

തലവേദന, വാതം, പക്ഷവാതം, അംഗങ്ങളിൽ വേദന, മൂലക്കുരു, മുറി, ഉളുക്കു, തിപ്പൊള്ളൽ, ജലദോഷം, കുര, നീരവീഴ്ച, പല്ലുവേദന, പുറത്തുകടച്ചൽ—മുതലായ സകലവിധ വേദനകളേയും ശമിപ്പിക്കും.

ശുദ്ധമായ സസ്യവർഗ്ഗങ്ങളിൽനിന്നു ഉണ്ടാക്കിയതു്. ഇന്ത്യയിൽ ഏതു മരുന്നുഷാപ്പിലും കിട്ടും. ഒരുഡെപ്പിക്കു വില ൮ ണ മാത്രം.

# വട്ടച്ചൊറിക്കുഴമ്പ്

വട്ടച്ചൊറിക്കു ഒന്നാന്തരം. പത്തുലക്ഷം പെട്ടികൾ ഉണ്ടാക്കിയിരിക്കുന്നു. ഒരു ഡെപ്പിക്കു വില ൫ ണ മാത്രം ൧൨ ഡെപ്പിക്കു ക ൩—൧൨—൦.

# പല്ലുംപൊടി

പല്ലുകൾ ശുദ്ധിവരുത്തുക, രക്തംവരുന്നതു നിർത്തുക മുതലായി പല്ലിനെ സംബന്ധിക്കുന്ന എല്ലാ രോഗങ്ങളും മാററി, വായ്ക്കു രുചി കൊടുക്കും. ഡെപ്പിക്കു ൨ ണ. ഒരുഡസനു ക ൧—൨—൦.

# മോഹിനിതൈലം

നല്ലവാസന. നല്ല തണുപ്പ്. മുടി വളരാൻ ഒന്നാന്തരം. ഒരു കുപ്പിക്കു ക ൦—൧൪—൦ കാവാറിൽ ഒന്നാംക്ലാസ് സബ്ജഡ്ജിയായ ആർ. ആർ. ഗങ്കോളി എഴുതുന്നു:— "നിങ്ങളുടെ അമൃതാഞ്ജനം പരീക്ഷിച്ചതിൽ അതു, തലവേദനയ്ക്കും, വാതത്തിനും, മൂലക്കുരുവിനും, ജലദോഷത്തിനും കുരക്കും പററിയതെന്നു ഞാൻ കണ്ടിരിക്കുന്നു."

**AMRUTANJAN DEPOT.,**

109 FRERE ROAD, BOMBAY.

7 TH MBU CHETTY STREET, MADRAS

# സ്ത്രീകൾക്കു മാത്രം

## സ്ത്രീകൾക്കു ഔഷധം ലോധ്രാ

ലോധ്ര എന്ന ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഭേഷ്ടിയാകുന്ന സമയങ്ങളിലുണ്ടാവുന്ന കഠിനമായ വയറുവേദന, മുട്ടുനോവ് (Menstrual Pain) മുതലായതിനെ ഇല്ലാതാക്കും; ശരിയായ പക്കങ്ങളിൽ ഭേഷ്ടിയാവാതെയിരിക്കയോ (irregular Men es) ഭേഷ്ടികാലങ്ങളിൽ അധികമൊ കുറച്ചോ ആവുകയോ (More or less discharge than usual) ഭേഷ്ടിയാവാതെയിരിക്കയോ ( bsence or Suppression of menses) ചെയ്യുന്നതിനെ ഭേദപ്പെടുത്തും. വെള്ളപോക്കു (Leucorrhaea) സന്താനമില്ലായ്മ (Sterility) ഇതു സംബന്ധമായ ഉപദ്രവങ്ങളേയും ശമിപ്പിക്കും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചു കാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും.

വലിയ കുപ്പി ൧-൰ ക. ൩-൦-൦ ചെറിയ ടി ക. ൧-൧൦-൦

വളരെ സ്ത്രീകൾ അശ്വത്ഥപ്രദിക്ഷണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായതുകളാൽ സന്താനമുണ്ടാകാതെ, ഒടുവിൽ ഞങ്ങളുടെ 'ലോധ്രാ' എന്ന സിദ്ധൌഷധം വാങ്ങി ഉപയോഗിച്ച് രത്നംപോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചുവരുന്നു. സേവിച്ചുനോക്കുവിൻ!

Apply to KESARI KUTEERAM
Bunder Street, MADRAS.


# ആത്മപോഷിണി

ഒരാണ്ടത്തെ വരിസംഖ്യ മുൻകൂർ ക ൨-൮-൦

## നിബന്ധനകൾ

൧. പഴയവരിക്കാർക്കു മാസിക വി. പി. അയയ്ക്കുമ്പോൾ വിവരം ൧൫-ദിവസത്തിനു മുമ്പായി അറിയിക്കുന്നതാണു. വി. പി. കയ്യേറുന്നതിനു സമ്മതമില്ലാത്തവർ അപ്പോൾ പണം മണിയാർഡർ ചെയ്യുക.

൨. മാസിക എല്ലാവരിക്കാർക്കും മലയാളമാസം ൩൦-ാനു-കളിൽ അയച്ചുകൊടുക്കുന്നതായിരിക്കും. ഏതെങ്കിലും ലക്കം കിട്ടാതെവന്നാൽ വിവരം അടുത്തമാസം ൧-ാനു-ക്കുള്ളിൽ അറിയിക്കേണ്ടതാണു. ഇങ്ങനെയല്ലാതുള്ള അപേക്ഷകൾ ഗൌനിക്കുന്നതല്ല.

൩. വരിക്കാർ കത്തെഴുതുമ്പോഴും മണിയോർഡർ അയക്കുമ്പോഴും മേൽവിലാസത്തോടു ഏറ്റവും അടുത്തുകിടക്കുന്ന അവരവരുടെ റെജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു.

൪. മേൽവിലാസം മാറേണ്ട ഗഡുവിൽ അറിയിക്കാതിരിക്കുന്നതുനിമിത്തം വരുന്ന പിശകുകൾക്കു ഇവിടെ ഉത്തരവാദിത്വമില്ല.

ആത്മപോഷിണി മാനേജർ.